2023 AUGUST
18
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## കിംസിന്റെ 70% ഓഹരികളും സ്വന്തമാക്കാൻ ബ്ലാക്സ്റ്റോൺ

**തിരുവനന്തപുരം:** നിലവിലെ ചർച്ചകൾ വിജയത്തിലേക്കു നീങ്ങിയാൽ കിംസ് ഹെൽത്തിന്റെ 70 ശതമാനത്തിലേറെ ഓഹരികളും വൻകിട അമേരിക്കൻ പ്രൈവറ്റ് ഇക്വിറ്റി കമ്പനിയായ ബ്ലാക് സ്റ്റോൺ കരസ്ഥമാക്കും.ബ്ലാക്ക്സ്റ്റോണിനൊപ്പം മണിപ്പാൽ ഹെൽത്ത് എന്റർപ്രൈസസാണ് കിംസിന്റെ ഓഹരികൾ വാങ്ങുന്നതിനുള്ള ചർച്ചകളുടെ അവസാനഘട്ടത്തിൽ എത്തിയത്. നിലവിലെ മാനേജ്മെന്റിന് 10% ഓഹരി നൽകിക്കൊണ്ട് 90% ഓഹരിയിലും തങ്ങൾക്കു ലഭിക്കണമെന്നാണു മണിപ്പാൽ ഹെൽത്ത് എന്റർപ്രൈസസ് താൽപര്യപ്പെട്ടത്. സ്വകാര്യ ഇക്വിറ്റി രംഗത്തെ ആഗോള വമ്പനായ ബ്ലാക്സ്റ്റോണുമായി കൈ കൊടുക്കാൻ കിംസ് മാനേജ്മെന്റ് തീരുമാനിക്കുകയായിരുന്നു.

ബ്ലാക്സ്റ്റോണുമായി ധാരണയിൽ എത്തിയാൽ 3 മാസത്തിനകം കരാർ ഏർപ്പെടും. ഭൂരിപക്ഷം ഓഹരികളും പുതിയ കമ്പനിക്ക് കൈമാറിയാലും മാനേജ്മന്റിന് മാറ്റം ഉണ്ടാകില്ല. ശേഷിക്കുന്ന 25 ശതമാനത്തിലേറെ ഓഹരിയുമായി തുടരുന്ന മാനേജ്മെന്റിനെ ഇപ്പോഴത്തെ ചെയർമാൻ എം.ഐ.ഷഹദുള്ള തുടർന്നും നയിക്കും.

മുംബൈ ആസ്ഥാനമായ പ്രൈവറ്റ് ഇക്വിറ്റി കമ്പനിയായ ട്രൂനോർത്തിന് ഇപ്പോൾ കിംസിന്റെ 42% ഓഹരികൾ ഉണ്ട്. ഇതു ബ്ലാക്സ്റ്റോൺ വാങ്ങും. ഒപ്പം 20 ശതമാനത്തിലേറെയുള്ള ന്യൂനപക്ഷ ഓഹരികളും സ്വന്തമാക്കാനാണ് കമ്പനി ശ്രമിക്കുന്നത്. കിംസ് ഹെൽത്ത്കെയറിന് തിരുവനന്തപുരം, കോട്ടയം, കൊല്ലം, പെരിന്തൽമണ്ണ എന്നിവിടങ്ങളിലായുള്ള ആശുപത്രികളെല്ലാം ഈ കൈമാറ്റത്തിന്റെ ഭാഗമാകും.

ഹൈദരാബാദിലെ വൻകിട സ്വകാര്യ ആശുപത്രിയായ കെയർ ഗ്രൂപ്പിന്റെ 70% ഓഹരികളും ബ്ലാക്സ്റ്റോൺ വാങ്ങുന്നുണ്ട്. കിംസും കെയറും രണ്ടായി തന്നെ തുടരട്ടെയെന്നാണ് ബ്ലാക്സ്റ്റോണിന്റെ തീരുമാനം. ഓഹരി കൈമാറ്റം പൂർത്തിയായശേഷം ഐപിഒയിലേക്കു കടക്കും. ബ്ലാക്സ്റ്റോൺ ആദ്യമായാണു രാജ്യത്ത് ആശുപത്രി ശൃംഖലയുടെ തലപ്പത്ത് എത്തുന്നത്.

## എച്ച്യുഐഡി 56 ജില്ലകളിലേക്കു കൂടി

**ന്യൂഡൽഹി:** സ്വർണത്തിന്റെ നിർബന്ധിത ഹാൾമാർക്കിങ് (എച്ച്!യുഐഡി) രാജ്യത്തെ 56 ജില്ലകളിലേക്കു കൂടി വ്യാപിപ്പിച്ചേക്കും. നിലവിൽ രാജ്യത്തെ 100 ശതമാനത്തിനടത്ത് സ്വർണവിൽപനയും നടക്കുന്ന 339 ജില്ലകളിലാണ് എച്ച്!യുഐഡി നിർബന്ധം. കേരളത്തിൽ ഇടുക്കിയൊഴികെ എല്ലാ ജില്ലകളിലും ഹാൾമാർക്കിങ് നിലവിൽ നിർബന്ധമാണ്. 56 പുതിയ ജില്ലകളിൽ ഇടുക്കി കൂടി ഉൾപ്പെടുമോയെന്നു വ്യക്തമല്ല.

## ഡിജിറ്റൽ ഇന്ത്യയ്ക്കായി 14,903 കോടി

**ന്യൂഡൽഹി:** 6.25 ലക്ഷം ഐടി പ്രഫഷനലുകൾക്ക് പുതിയ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകുന്നതടക്കം, 'ഡിജിറ്റൽ ഇന്ത്യ' പദ്ധതിക്കായി കേന്ദ്രമന്ത്രിസഭായോഗം 14,903 കോടി രൂപ വകയിരുത്തി. ഐടി മന്ത്രാലയത്തിനു കീഴിലുള്ള ഫ്യൂച്ചർ സ്കിൽസ് പ്രൈം എന്ന പദ്ധതി വഴിയാണ് പുതിയ മേഖലകളിൽ പരിശീലനം നൽകുന്നത്.

ഐടി പ്രഫഷനലുകൾക്കു പുറമേ സാധാരണക്കാർ 2.65 ലക്ഷം പേർക്ക് വിവരസുരക്ഷയുമായി ബന്ധപ്പെട്ടും പരിശീലനം നൽകും. ഇതിനൊപ്പം ചെറുനഗരങ്ങളിലെ 1,200 സ്റ്റാർട്ടപ്പുകർക്ക് പിന്തുണ നൽകും. നിലവിൽ 1,700ലേറെ സേവനങ്ങൾ ഇതിൽ ലഭ്യമാണ്.

## അദാനി പവറിൽ 9000 കോടിയുടെ നിക്ഷേപം; നേട്ടമുണ്ടാക്കി ഓഹരികൾ

**ന്യൂഡൽഹി:** യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ജിക്യുജി പാർട്നേഴ്സിൽനിന്നുള്ള നിക്ഷേപത്തിൽ കുതിച്ചുയർന്ന് അദാനി പവർ ഓഹരികൾ. ഓഗസ്റ്റ് 17നു രാവിലെ നേട്ടത്തിൽ ആരംഭിച്ച ഓഹരികൾ ആദ്യഘട്ട വ്യാപാരത്തിൽ 3 ശതമാനം വരെ മുന്നേറി. മറ്റു നിക്ഷേപകരോടൊപ്പം 9000 കോടിയുടെ നിക്ഷേപമാണ് അദാനി പവറിൽ ജിക്യുജി പാർട്നേഴ്സ് നടത്തിയത്. ഇതോടെ രാവിലത്തെ വ്യാപാരത്തിൽ അദാനി എന്റർപ്രൈസസ്, അദാനി ട്രാൻസ്മിഷൻ, അദാനി വിൽമർ ഓഹരികളും മുന്നിലെത്തി.




ബ്ലോക്ക് ഡീലിലൂടെ അദാനി പവറിന്റെ ആകെ 31.2 കോടി ഓഹരികളിലാണ് കഴിഞ്ഞദിവസം നിക്ഷേപം നടന്നത്. പ്രമോട്ടറന്മാരുടെ കൈവശമുള്ള കമ്പനിയുടെ 74.97% ഓഹരികളിൽ 8.1% ഓഹരിയാണ് ഒരു ഓഹരിക്ക് 279.17 രൂപയ്ക്ക് നിക്ഷേപകർ സ്വന്തമാക്കിയത്. ഹിൻഡർബർഗ് റിസർചിന്റെ റിപ്പോർട്ടിനെ തുടർന്ന് ഇടിവു നേരിട്ട ഓഹരികളിൽ 2023 മാർച്ച് മുതലാണ് ജിക്യുജി പാർട്നേഴ്സ് നിക്ഷേപം നടത്തിത്തുടങ്ങിയത്.

കഴിഞ്ഞ 5 വർഷത്തിനിടെ നിക്ഷേപകർക്ക് 806.24 ശതമാനവും മൂന്നു വർഷത്തിൽ 664.37 ശതമാനവും റിട്ടേൺ നൽകിയ അദാനി പവർ നിലവിൽ ബുള്ളിഷായി തുടരുകയാണ്.

കഴിഞ്ഞ 6 മാസത്തിനിടെ മാത്രം 82.53% നേട്ടം ഓഹരികളിലുണ്ടായി.

1,09,209 കോടി വിപണി മൂല്യമുള്ള കമ്പനിയിൽ വിദേശ സ്ഥാപനങ്ങളുടെ നിക്ഷേപവും വർധിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. വരുമാനത്തിലും മൊത്ത ലാഭത്തിലും മികച്ച വർധനയാണ് 2023ൽ കമ്പനിക്കുണ്ടായത്.

## കണ്ണൂർ വിമാനത്താവളത്തിൽനിന്ന് ചരക്കുവിമാന സർവീസ് ഇന്നുമുതൽ

**മട്ടന്നൂർ (കണ്ണൂർ):** ചരക്കു കയറ്റുമതിക്കു മാത്രമായി കണ്ണൂർ വിമാനത്താവളത്തിൽ (കിയാൽ) നിന്ന് ഇന്നുമുതൽ പ്രത്യേക വിമാന സർവീസ്. വൈകിട്ട് 3.45നു ഷാർജയിലേക്കാണ് ആദ്യ സർവീസ്. വിമാനത്താവള ഡയറക്ടർ കൂടിയായ മന്ത്രി എ.കെ.ശശീന്ദ്രൻ, മന്ത്രി പി.എ.മുഹമ്മദ് റിയാസ് എന്നിവരുടെ സാന്നിധ്യത്തിലാണ് ഫ്ലാഗ്ഓഫ്. കൊച്ചി ആസ്ഥാനമായുള്ള ദ്രാവിഡൻ ഏവിയേഷൻ സർവീസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് എയർ കാർഗോ സർവീസ് നടത്തുന്നത്. 18 ടൺ ചരക്ക് കൊണ്ടുപോകാൻ കഴിയുന്ന ബോയിങ് 737, 700 വിമാനമാണ് ഉപയോഗിക്കുന്നത്. നാളെ രാത്രി 8നു ദോഹയിലേക്കും സർവീസുണ്ട്.



ഗൾഫ് മലയാളികൾക്ക് ഓണാഘോഷത്തിനുള്ള പച്ചക്കറികൾ, പൂക്കൾ, വാഴയിലകൾ തുടങ്ങിയവയുമായി 23 മുതൽ 27വരെ തുടർച്ചയായി ചരക്കുവിമാനങ്ങൾ പറക്കും. സെപ്റ്റംബർ മുതൽ ആഴ്ചയിൽ 2 സർവീസുകളാകും നടത്തുക. കൂടുതൽ ചരക്ക് ലഭിക്കുകയാണെങ്കിൽ എണ്ണം കൂട്ടുമെന്ന് ദ്രാവിഡൻ ഏവിയേഷൻ സർവീസസ് മാനേജിങ് ഡയറക്ടർ ഉമേഷ് കാമത്ത് പറഞ്ഞു.





# ഓണത്തിന് 24 ഇനം മൂല്യവർധിത ഉൽപന്നങ്ങളുമായി കശുവണ്ടി വികസന കോർപറേഷൻ

**കൊല്ലം:** കശുവണ്ടി മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനുള്ള ശ്രമങ്ങൾ വിജയം കണ്ടു തുടങ്ങിയതായി മന്ത്രി പി.രാജീവ്. ഓണം ഒരുക്കാൻ കശുവണ്ടി വികസന കോർപറേഷൻ ആരംഭിച്ച 24 ഇനം മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണന ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. മന്ത്രി കെ.എൻ.ബാലഗോപാലിന് ഉൽപന്നങ്ങൾ നൽകിയാണ് ഉദ്ഘാടനം നിർവഹിച്ചത്.

തൊഴിലാളികളുടെ വരുമാനം ഉയർത്തുന്നതിനുള്ള നടപടികളാണു സ്വീകരിക്കുന്നതെന്ന് മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. എംഡി ഡോ.രാജേഷ് രാമകൃഷ്ണൻ, ചെയർമാൻ എസ്.ജയമോഹൻ എന്നിവർ പ്രസംഗിച്ചു. കാഷ്യു വിറ്റ പിസ്ത, കാഷ്യു വിറ്റ കാർഡമം, കാഷ്യു വിറ്റ വാനില, കാഷ്യു വിറ്റ ചോക്ലേറ്റ്, കാഷ്യു വാനില മിൽക്ക് ഷേക്ക്, ഫ്ലേവേർഡ് ക്യാഷു ഉൽപന്നങ്ങളായ (ചില്ലി ഗാർലിക് കോട്ടഡ് കാഷ്യു, സാൾട്ട് ആൻഡ് പെപ്പർ കോട്ടഡ് കാഷ്യു, റെഡ് ചില്ലി കോട്ടഡ് കാഷ്യു), കാഷ്യു വിറ്റ, കാഷ്യു പൗഡർ, കാഷ്യു സൂപ്പ്, വിവിധ ഗ്രേഡുകളിൽ ഉള്ള റോസ്റ്റഡ് ആൻഡ് സാൾട്ടഡ് കാഷ്യൂസ്, കശുമാങ്ങയിൽ നിന്നുള്ള കാഷ്യു സോഡ, കാഷ്യു ആപ്പിൾ സ്ക്വാഷ്, കാഷ്യു പൈൻ ജാം എന്നിവയാണ് വിപണിയിൽ ഇറക്കിയത്.

കർഷകരിൽ നിന്നും നേരിട്ട് സഹകരണ ബാങ്കുകൾ വഴി കണ്ണൂർ, കാസർകോട് ജില്ലകളിൽ നിന്നും സമാഹരിച്ച നാടൻ തോട്ടണ്ടി പ്രോസസ് ചെയ്ത കശുവണ്ടി പരിപ്പാണ് ഓണക്കാലത്ത് വിപണിയിൽ ഇറക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഉൽപാദിപ്പിച്ച ജംബോ സൈസ് കശുവണ്ടി പരിപ്പിന് ഉയർന്ന ഡിമാൻഡാണ് വിപണിയിൽ ഉള്ളത്.

ഓണക്കാലത്ത് ഔട്ട് ലെറ്റുകൾ വഴി കശുവണ്ടി പരിപ്പിന് 30% ഡിസ്കൗണ്ടുണ്ട്. കാഷ്യു കോർപറേഷന്റെ ഒരു പരിപ്പ് വിപണന വാഹനം (മൊബൈൽ ഔട്ട്ലെറ്റ്) എല്ലാ ജില്ലകളിലും പര്യടനം നടത്തുന്നുണ്ട്. കോർപറേഷനിലെ തൊഴിലാളികൾക്ക് കശുവണ്ടി പരിപ്പിന് കിലോയ്ക്ക് 35% ഡിസ്കൗണ്ടും കിലോയ്ക്ക് 50 രൂപ പ്രകാരം പ്രൊഡക്ഷൻ ഇൻസെന്റീവും ലഭിക്കുന്ന തരത്തിൽ കശുവണ്ടി പരിപ്പ് നൽകാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആമസോൺ വഴി ഓൺലൈനിലൂടെയും കശുവണ്ടി പരിപ്പും മറ്റു മൂല്യവർധിത ഉൽപന്നങ്ങളും വാങ്ങാൻ സൗകര്യം ലഭ്യമാണ്.

# ഒരുങ്ങുന്നു കോന്നി കരിയാട്ടം ടൂറിസം എക്സ്പോ



**കോന്നി :** ഇത്തവണ ഓണക്കാലം ആഘോഷത്തിമർപ്പിലാക്കാൻ കോന്നി ഒരുങ്ങുന്നു. കോന്നിയിലെ ടൂറിസം വികസനം മുൻനിർത്തി കാട് ടൂറിസം സഹകരണ സംഘവും തദ്ദേശ സ്വയംഭരണ, ടൂറിസം വകുപ്പുകളും ചേർന്നാണ് കോന്നി കരിയാട്ടം ടൂറിസം എക്സ്പോ സംഘടിപ്പിക്കുന്നത്. കെഎസ്ആർടിസി മൈതാനിയിൽ 10,000ലധികം പേർക്ക് ഇരിക്കാവുന്ന എന്റർടെയ്ൻമെന്റ് ഏരിയ, പ്രദർശന വിപണന മേളയ്ക്കായി 200 സ്റ്റാളുകൾ, ഭക്ഷണശാല, അമ്യൂസ്മെന്റ് പാർക്ക്, പെറ്റ് ഷോ, ഫാമിലി ഗെയിം ഷോ തുടങ്ങി ഒട്ടേറെ പ്രദർശന കേന്ദ്രങ്ങൾ എക്സ്പോയുടെ ഭാഗമായുണ്ടായിരിക്കും.

മന്ത്രിമാർ, പത്മശ്രീ ജേതാക്കൾ, ചലച്ചിത്ര നടീനടന്മാർ, ഗായകർ തുടങ്ങി ഒട്ടേറെ കലാകാരന്മാർ കോന്നിയിലെത്തും. ശാസ്ത്രീയ നൃത്തങ്ങളും കഥകളി ഉൾപ്പെടെയുള്ള കലാരൂപങ്ങളും പ്രശസ്തമായ സംഗീത ബാൻഡുകളും കോന്നിയുടെ 15 ദിനരാത്രങ്ങളെ ആഘോഷലഹരിയിലാക്കും. 20 മുതൽ സെപ്റ്റംബർ 3 വരെയാണ് ടൂറിസം എക്സ്പോ നടക്കുക. ഹെലികോപ്റ്റർ റൈഡ്, കുട്ടവഞ്ചി തുഴച്ചിൽ മത്സരം, തിരുവാതിര, അത്തപ്പൂക്കള, ചിത്രരചന മത്സരങ്ങൾ തുടങ്ങിയവയും നടക്കും.

ആദ്യമായി കരിയാട്ടം എന്ന പുത്തൻ കലാരൂപത്തെ കോന്നി ലോകത്തിന് സംഭാവന ചെയ്യുന്നുവെന്ന പ്രത്യേകതയും ഉണ്ട്. ആനയെ മുഖ്യ ആകർഷണ കേന്ദ്രമാക്കിയാണ് കരിയാട്ടം അവതരിപ്പിക്കുക. ടൂറിസം എക്സ്പോയുടെ കൊടിയേറ്റ് കഴിഞ്ഞ ദിവസം നടത്തി. സംസ്ഥാനത്തെ ഏറ്റവും ശ്രദ്ധേയമായ ആഘോഷം നടക്കുന്ന കേന്ദ്രമായി കോന്നി മാറുമെന്നും ഓണത്തിന് അര മാസം നീണ്ടു നിൽക്കുന്ന ഉത്സവാഘോഷം ഇവിടെ മാത്രമാണ് നടക്കുന്നതെന്നും കെ.യു.ജനീഷ് കുമാർ എംഎൽഎ പറഞ്ഞു.

സംസ്ഥാനത്ത് ആദ്യമായി കുട്ടവഞ്ചികളുടെ മത്സരത്തിന് അടവി ഒരുങ്ങുന്നു. 19ന് 3നാണ് കുട്ടവഞ്ചി തുഴച്ചിൽ മത്സരം. കരിയാട്ടം ടൂറിസം എക്സ്പോയുടെ ഭാഗമായാണ് മത്സരം. കല്ലാറിൽ തണ്ണിത്തോട് പഞ്ചായത്തിലെ അടവിയിലാണ് കുട്ടവഞ്ചി സവാരി കേന്ദ്രം സ്ഥിതി ചെയ്യുന്നത്. 26 കുട്ടവഞ്ചികളാണ് നിലവിൽ സഞ്ചാരികൾക്ക് സവാരിക്കായി ഉപയോഗിക്കുന്നത്. അത്രയും തുഴച്ചിൽകാരും ഇവിടെ ജോലി ചെയ്യുന്നുണ്ട്. ഇവർ മത്സരാർഥികളാകും. അലങ്കരിച്ച കുട്ടവഞ്ചികളുടെ പ്രദർശന ജലയാത്രയുമുണ്ട്.



# ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കണം: മന്ത്രി റോഷി അഗസ്റ്റിൻ

**കട്ടപ്പന:** ശാസ്ത്രീയമായ കൃഷി രീതി പ്രോത്സാഹിപ്പിക്കണമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. കട്ടപ്പന നഗരസഭ കോൺഫറൻസ് ഹാളിൽ ജില്ലാതല കർഷക ദിനാഘോഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നാടിന്റെ അഭിവൃദ്ധിക്ക് കാർഷികവൃത്തിയെ പ്രോത്സാഹിപ്പിക്കൽ അനിവാര്യമാണ്. കൃഷിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാനും വരുമാനം വർധിപ്പിക്കുന്നതിനും ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും അതിനു കർഷകരെ സജ്ജരാക്കാൻ അധികൃതർ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും മന്ത്രി പറഞ്ഞു. തരിശുഭൂമികൾ വീണ്ടെടുത്ത് കൃഷിയോഗ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. കട്ടപ്പന നഗരസഭ അധ്യക്ഷ ഷൈനി സണ്ണി ചെറിയാൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ നഗരസഭയിലെ മികച്ച കർഷകരെ ആദരിച്ചു. മുതിർന്ന കർഷകൻ തകരപ്പറമ്പിൽ രാഘവൻ, മികച്ച കർഷകൻ പുത്തൻപുരയ്ക്കൽ ശിവദാസ് ബാബു, യുവകർഷകൻ കല്ലുകുളങ്ങര ഡൊമിനിക് വർഗീസ്, ഉത്തമ കർഷക കുടുംബം പാറക്കൽ സന്തോഷും കുടുംബവും, മികച്ച ജൈവ കർഷകൻ മങ്ങാട്ട് വർക്കി തോമസ്, വനിതാ കർഷക കൊല്ലംപറമ്പിൽ ആനന്ദവല്ലി, എസ്.സി കർഷക വലിയപറമ്പിൽ പൊന്നമ്മ കുമാരൻ, വിദ്യാർഥി കർഷകൻ വേഴപ്പറമ്പിൽ ഡൊണാൾഡ് ജോസ്, വിദ്യാർഥിനി കർഷക സ്നേഹസദൻ സ്പെഷ്യൽ സ്കൂളിലെ അമ്പിളി എ, കർഷകത്തൊഴിലാളി പുത്തൻപുരക്കൽ വിജയൻ എന്നിവരെ മന്ത്രി പൊന്നാട അണിയിച്ച് ആദരിക്കുകയും മെമെന്റോ സമ്മാനിക്കുകയും ചെയ്തു. നഗരസഭ വൈസ് പ്രസിഡന്റ് ജോയ് ആനിത്തോട്ടം, നഗരസഭാ അംഗങ്ങളായ ജാൻസി ബേബി, മനോജ് മുരളി, സിബി പാറപ്പായിൽ, ലീലാമ്മ ബേബി, ഐബി മോൾ രാജൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ സെലീനാമ്മ കെ പി, കൃഷി ഓഫീസർ ആഗ്നസ് ജോസ്, ജനപ്രതിനിധികൾ, കാർഷിക വികസന സമിതി അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, കർഷക സുഹൃത്തുക്കൾ തുടങ്ങിയവർ പങ്കെടുത്തു.



# തങ്കമല എസ്.സി കോളനിയിലേക്കുള്ള യാത്രാ ദുരിതത്തിന് പരിഹാരം

**വണ്ടിപ്പെരിയാർ:** തങ്കമല എസ്.സി കോളനിയിലേക്കുള്ള യാത്രാ ദുരിതത്തിന് പരിഹാരം. റോഡിന്റെ 320 മീറ്റർ ഭാഗം കോൺക്രീറ്റ് ചെയ്തതിന്റെ ഉദ്ഘാടനം അഴുത ബ്ലോക്ക് പഞ്ചായത്തംഗം പി എം നൗഷാദ് നിർവഹിച്ചു.

വണ്ടിപ്പെരിയാർ തങ്കമല എസ്റ്റേറ്റ് പുതുവൽ എസ്.സി കോളനിയിലേക്കുള്ള റോഡ് വർഷങ്ങളായി തകർന്നു കിടന്നതോടെ 25 ഓളം കുടുംബങ്ങളാണ് യാത്രാ ദുരിതത്തിലായിരുന്നത്. റോഡിന്റെ സഞ്ചാരയോഗ്യമല്ലാതായി കിടന്നിരുന്ന 320 മീറ്റർ ഭാഗം കോൺക്രീറ്റ് ചെയ്യുന്നതിനായി എസ്.സി വികസനഫണ്ടിൽ നിന്നുമാണ് 15 ലക്ഷം രൂപ അനുവദിച്ചത്. ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി നേതാക്കൾ, പൊതുജനങ്ങൾ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

# കൃഷിക്കൊപ്പം കളമശ്ശേരികാർഷിക മേഖലയിൽ അഭിമാനകരമായ മുന്നേറ്റം കാഴ്ചവയ്ക്കുന്നു: മന്ത്രി

## ഏലൂരിൽ കർഷക ദിനാചരണം മന്ത്രി ഉദ്ഘാടനം ചെയ്തു

**കൊച്ചി:** സമഗ്ര കാർഷിക വികസന പദ്ധതിയായ കൃഷിക്കൊപ്പം കളമശ്ശേരിയിലൂടെ കാർഷിക മേഖലയിൽ അഭിമാനകരമായ മുന്നേറ്റമാണ് കാഴ്ചവയ്ക്കുന്നതെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. ഏലൂർ നഗരസഭയിലെ കർഷക ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മണ്ഡലത്തിൽ ആയിരത്തിലധികം ഏക്കർ സ്ഥലത്ത് നെല്ല്, പൂവ്, പച്ചക്കറി തുടങ്ങി വിവിധയിനം വിളകൾ കൃഷി ചെയ്യുന്നുണ്ടെന്നും കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന കാർഷികോത്സവം കർഷകരുടെ ഉത്സവമായി ആഘോഷിക്കുമെന്നും മന്ത്രി പറഞ്ഞു.



തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും സഹകരണ പ്രസ്ഥാനങ്ങളും നയിക്കുന്ന കാർഷികോത്സവത്തിൽ 17 കർഷക സംഘങ്ങളുടെ വിപണന പ്രദർശനം മുഖ്യ ആകർഷണമായിരിക്കും. കർഷക സംഗമം, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കും. ഓഗസ്റ്റ് 20 മുതൽ 27 വരെ നടക്കുന്ന കാർഷികോത്സവം എല്ലാവരും പങ്കെടുത്ത് വിജയിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.

ഏലൂർ നഗരസഭ ചെയർപേഴ്സൺ എ.ഡി സുജിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുതിർന്ന കർഷകരെ ആദരിക്കുകയും മികച്ച കർഷകരെ തെരഞ്ഞെടുത്ത് അവാർഡുകൾ നൽകുകയും ചെയ്തു. വിളകളിലെ കീടരോഗ നിയന്ത്രണം എന്ന വിഷയത്തെ ആസ്പദമാക്കി കാർഷിക സെമിനാറും ക്വിസ് മത്സരവും സംഘടിപ്പിച്ചു. സെൻട്രൽ ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജ്മെന്റ് സിസ്റ്റം(സി.ഐ.പി.എം.സി) ശാസ്ത്രജ്ഞൻ മിലു മാത്യു കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

ഏലൂർ മുനിസിപ്പൽ ടൗൺ ഹാളിൽ നടന്ന പരിപാടിയിൽ നഗരസഭ വൈസ് ചെയർപേഴ്സൺ ലീല ബാബു, വികസന കാര്യ ചെയർമാൻ ടി.എം ഷെനിൻ, ക്ഷേമകാര്യ ചെയർപേഴ്സൺ അംബിക ചന്ദ്രൻ, ആരോഗ്യ കാര്യ ചെയർമാൻ പി.എ ഷെറീഫ്, പൊതുമരാമത്ത് കാര്യ ചെയർപേഴ്സൺ ദിവ്യ നോബി, കൗൺസിലർമാരായ പി.എം അയ്യൂബ്, എസ്. ഷാജി, ഏലൂർ കൃഷി ഓഫീസർ അഞ്ചു മറിയം എബ്രഹാം എന്നിവർ പങ്കെടുത്തു.

# കാബ്കോയുടെ പ്രവർത്തനം പുതിയ മാറ്റങ്ങൾ സൃഷ്ടിക്കും: മന്ത്രി കെ രാജൻ

**ഒല്ലൂക്കര:** ചുരുങ്ങിയ നാളുകൾക്കുള്ളിൽ വിളയിടം എന്ന ചിന്തയിൽ അധിഷ്ഠിതമായ വികസനത്തിലേക്ക് മാറാൻ കേരളത്തിലെ കാർഷിക സമൂഹത്തിന് സാധിച്ചുവെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ വിവിധ കാർഷിക ദിനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കു കയായിരുന്നു മന്ത്രി .വിളയിട അധിഷ്ഠിത കൃഷിയിൽ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞു. ഒരു കൃഷിയിടത്തിൽ തന്നെ വിവിധങ്ങളായ കൃഷികൾ ഒരു ക്കി വർഷം മുഴുവനും കൃഷി ചെയ്യാനും വരുമാനം ഉണ്ടാക്കാനും സാധിക്കുന്ന ഈ മുന്നേറ്റത്തിന് സാധ്യതകളേറെയാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കാർഷികരംഗത്തിന് പുതു ഉണർവേകിയാണ് സർക്കാർ നേതൃത്വത്തിലുള്ള കേരളത്തിലെ ആദ്യത്തെ കൃഷി കമ്പനിയായ കേരള അഗ്രോ ബിസിനസ് കമ്പനി (കാബ് കോ) യുടെ വരവ്. നേരിട്ട് കർഷകർക്ക് പങ്കാളിത്തമുള്ള കാബ്കോയിലൂടെ വിളകൾ എത്തിക്കാനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കാനും മികച്ച രീതിയിൽ വിറ്റഴിക്കാനും സാധിക്കുന്നു. കൂട്ടായ ശ്രമങ്ങളിലൂടെ കാർഷികരംഗത്തെ വെല്ലുവിളികളെയും പ്രതിസന്ധികളെയും മറികടന്ന് മുന്നോട്ട് പോകാൻ കഴിയണമെന്നും മന്ത്രി കെ രാജൻ കൂട്ടിച്ചേർത്തു. അർഹമായ വില ഇൻഷുറൻസ് താങ്ങുവില എന്നിവ ലഭ്യമാക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുക എന്നിവയ്ക്കാനുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. ഓരോ പ്രദേശത്തു നിന്നും ഭൗമസൂചിക പദവിയിൽ ഉൾപ്പെടുന്ന തരത്തിലുള്ള ഉൽപ്പന്നത്തെ മികച്ച രീതിയിൽ ബ്രാൻഡ് ചെയ്യാൻ കഴിയണമെന്നും മന്ത്രി പറഞ്ഞു.




ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ പുത്തൂർ, നടത്തറ, പാണഞ്ചേരി, മാടക്കത്തറ പഞ്ചായത്തുകളിൽ നടന്ന കർഷകദിനം പഞ്ചായത്ത് തല ഉദ്ഘാടനം മന്ത്രി കെ രാജൻ നിർവഹിച്ചു. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി വിവിധയിടങ്ങളിൽ മികച്ച കർഷകരെ ആദരിച്ചു. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ആർ രവി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാരായ മിനി ഉണ്ണികൃഷ്ണൻ, ശ്രീവിദ്യ രാജേഷ്, ഇന്ദിരാ മോഹൻ, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സാവിത്രി സദാനന്ദൻ, ജില്ലാ പഞ്ചായത്ത് മെമ്പർ കെ വി സജു, വിവിധ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## നശാ മുക്ത്ഭാരത് അഭിയാൻ പദ്ധതി ഉദ്ഘാടനം നടത്തി

**പത്തനംതിട്ട:** രാജ്യം ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ, സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന നശാ മുക്ത്ഭാരത് അഭിയാൻ പദ്ധതിയുടെ ജില്ലാതല ഔദ്യോഗിക പ്രഖ്യാപനം ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ പത്തനംതിട്ട കളക്ടറേറ്റ് കോൺഫറസ് ഹാളിൽ നിർവഹിച്ചു. പദ്ധതി മുഖേന ജില്ലയിൽ നടപ്പാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിക്കായി സ്കൂൾ കോളജ് വിദ്യാർഥികളുടെ പങ്കാളിത്തം പദ്ധതിയിൽ അനിവാര്യമാണെന്ന് ജില്ലാ കളക്ടർ പറഞ്ഞു. വിദ്യാർഥികൾ ലഹരിയുടെ പ്രലോഭനങ്ങളിൽ വീണുപോകരുതെന്ന് കളക്ടർ ഓർമ്മിപ്പിച്ചു. ചടങ്ങിൽ ജില്ലാ കളക്ടർ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പത്തനംതിട്ട കാതോലിക്കേറ്റ്, ഇലന്തൂർ ആർട്സ് ആന്റ് സയൻസ് കോളജിലെ എൻഎസ്എസ് വോളന്റിയേഴ്സ് ചടങ്ങിൽ പങ്കെടുത്തു. ജില്ലാ സാമൂഹ്യനീതി ഓഫീസർ ജെ. ഷംലാ ബീഗം, ജില്ലാ സാമൂഹ്യനീതി ഓഫീസ് ജൂനിയർ സൂപ്രണ്ട് എം. ശിവദാസ്, ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥരായ റ്റി.സുദീപ് കുമാർ, എസ്.യു. ചിത്ര, ഷമീർ എന്നിവർ പങ്കെടുത്തു.

## വോട്ടർ പട്ടിക പുതുക്കൽ ആരംഭിച്ചു

**തിരുവനന്തപുരം:** 2023 ജനുവരി 1 യോഗ്യത തീയതിയായി നിശ്ചയിച്ച വോട്ടർ പട്ടികയുടെ സംക്ഷിപ്ത പുതുക്കൽ ആരംഭിച്ചു. സെപ്റ്റംബർ എട്ടിന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. സെപ്റ്റംബർ 23 വൈകിട്ട് 5 മണി വരെയാണ് ആക്ഷേപങ്ങളും അപേക്ഷകളും സ്വീകരിക്കുന്ന അവസാന തീയതി. യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള 2023 ജനുവരി ഒന്നിനോ അതിനു മുൻപോ 18 വയസ്സ് തികഞ്ഞ വരെയാണ് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നത്.

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഫോറം നാലിലും ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് ഫോറം ആറിലും ഒരു വാർഡിൽ നിന്നോ പോളിംഗ് സ്റ്റേഷനിൽ നിന്നോ സ്ഥാനമാറ്റം വരുത്തുന്നതിന് ഫോറം ഏഴിലും sec.kerala.gov.in എന്ന സൈറ്റിൽ അപേക്ഷകർ ലോഗിൻ ചെയ്ത് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. ഓൺലൈൻ അപേക്ഷ അയയ്ക്കുമ്പോൾ തന്നെ കമ്പ്യൂട്ടർ ജനറേറ്റഡ് ഹിയറിങ് നോട്ടീസ് അപേക്ഷകർക്ക് ലഭിക്കും.

അക്ഷയ സെൻറർ തുടങ്ങിയ സർക്കാർ അംഗീകൃത ജനസേവന കേന്ദ്രങ്ങൾ മുഖേനയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ചും പേര് ഒഴിവാക്കുന്നത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഫോറം അഞ്ചിൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുകയും അവയുടെ പ്രിന്റൗട്ടിൽ അപേക്ഷകർ ഒപ്പ് രേഖപ്പെടുത്തി നേരിട്ടോ തപാലിലൂടെയോ ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർക്ക് ലഭ്യമാക്കുകയും ചെയ്യണം. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ അതാത് സെക്രട്ടറിമാരും മുനിസിപ്പലിൽ കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ.

## ഫോമാറ്റിങ്സ് ഓണം മേള ആരംഭിച്ചു

**ആലപ്പുഴ:** സംസ്ഥാന സർക്കാർ സ്ഥാപനമായ ഫോമാറ്റിങ്സ് ഇന്ത്യ ലിമിറ്റഡിന്റെ ഓണം മേളയും നവീകരിച്ച പുതിയ ഷോറൂമും ഉദ്ഘാടനം ചെയ്തു. നവീകരിച്ച പുതിയ ഷോറൂമിന്റെ ഉദ്ഘാടനവും ആദ്യ വിൽപനയും കയർ വകുപ്പ് ഡയറക്ടർ വി.ആർ. വിനോദ് നിർവഹിച്ചു. ആലപ്പുഴ ബീച്ച് റോഡിലെ ഷോറൂമിൽ വിവിധ കയർ ഉത്പന്നങ്ങൾ, മെത്തകൾ, കയർ ടൈലുകൾ, മാറ്റിങ്ങുകൾ, മാറ്റുകൾ, പില്ലോകൾ എന്നിവ 20 മുതൽ 30 ശതമാനം വരെ വിലക്കിഴിവിൽ സെപ്റ്റംബർ 30 വരെ ലഭിക്കും.

ഫോമാറ്റിങ്സിൽ നടന്ന ചടങ്ങിൽ എം.ഡി പ്രതീഷ് ജി. പണിക്കർ അധ്യക്ഷത വഹിച്ചു. നഗരസഭാംഗം പ്രഭ ശശികുമാർ, പ്രൊഡക്ഷൻ മാനേജർ ശ്രീകുമാർ, പേർസണൽ മാനേജർ രാജേഷ് എം. കൈമൾ, ഫിനാൻസ് മാനേജർ അലൻ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## ബഡ്സ് ഡേ ആചരിച്ചു

**ആലപ്പുഴ:** കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ബഡ്സ് ദിനാചരണം സംഘടിപ്പിച്ചു. റെയ്ബാൻ ഓഡിറ്റോറിയത്തിൽ നടന്ന ദിനാചരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ല മിഷൻ കോഓർഡിനേറ്റർ ജെ. പ്രശാന്ത് ബാബു അധ്യക്ഷനായി.

## ഡെങ്കിപ്പനി: പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കും

**മട്ടാഞ്ചേരി:** പശ്ചിമ കൊച്ചി മേഖലയിൽ ഡെങ്കി പനി വ്യാപകമായ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്നു. ഡെങ്കി കൂടുതൽ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ ഫോഗിങ് ശക്തമാക്കും. എല്ലാ ഡിവിഷനുകളിലും ഫോഗിങ് നടത്തും. കൊതുകു നശീകരണത്തിനുള്ള മരുന്ന് സ്പ്രേ ചെയ്യുന്നതിന് 5 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ശനി, ഞായർ ഡ്രൈ ഡേ ആചരിക്കും. ബോധവൽക്കരണ പരിപാടികൾ നടത്തും. നോട്ടിസുകൾ വിതരണം ചെയ്യും. റോഡരികി!ൽ കൂട്ടിയിട്ടിരിക്കുന്ന ആക്രി സാധനങ്ങൾ നീക്കാൻ നടപടി സ്വീകരിക്കും. സാനിറ്റേഷൻ കമ്മിറ്റികൾ ഇല്ലാത്ത ഡിവിഷനുകളിൽ അടിയന്തരമായി രൂപീകരിക്കാനും തീരുമാനിച്ചു. ആരോഗ്യ സ്ഥിരസമിതി അധ്യക്ഷൻ ടി.കെ.അഷറഫ് അധ്യക്ഷത വഹിച്ചു. ഹെൽത്ത് ഇൻസ്പെകൂർമാ!ർ, ആശാ വർക്കർമാർ, ഫോർട്ട്കൊച്ചി, കരുവേലിപ്പടി , മട്ടാഞ്ചേരി, പള്ളുരുത്തി എന്നീ ആശുപത്രികളിലെ സൂപ്രണ്ടുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്ക് തുടക്കമായി

**ആലപ്പുഴ:** ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനായി നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് കൃഷി മന്ത്രി പി.പ്രസാദ്. പട്ടണക്കാട് ഗ്രാമപഞ്ചായത്ത് വെട്ടയ്ക്കൽ പാടശേഖരത്തിലെ എ, ബി ബ്ലോക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ (ആർ.കെ.വി.വൈ.) നിർമാണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഭക്ഷ്യസുരക്ഷയിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ കൃഷിയിലും അനുബന്ധമേഖലയിലും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും സഹായകരമായിട്ടുണ്ട്. ഇത്തരം പദ്ധതികളിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കാനും സാധിച്ചെന്നും മന്ത്രി പറഞ്ഞു.

വെട്ടയ്ക്കൽ എ ബ്ലോക്ക് പാടശേഖരത്ത് 1350 മീറ്റർ തോട് താഴ്ത്തി ബണ്ട് നിർമിക്കാനും 1425 മീറ്റർ പാർശ്വ ഭിത്തി ഉയർത്തുന്നതിനുമായി 86 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. വെട്ടക്കൽ ബി ബ്ലോക്കിൽ രണ്ട് പമ്പ്സെറ്റുകളുടെ റിപ്പയർ, പുതിയ 50 എച്ച്.പി. പമ്പ്സെറ്റ് സ്ഥാപിക്കൽ, പറക്കുഴി, പെട്ടിച്ചാൽ എന്നിവിടങ്ങളിൽ മോട്ടോർ ഷെഡ് നിർമ്മാണം, 400 മീ. തോട് താഴ്ത്തി പാർശ്വഭിത്തി കെട്ടൽ, 630 മീ. ബണ്ട് ബലപ്പെടുത്തൽ, പുതിയ 50 എച്ച്.പി, വെർട്ടിക്കൽ ആക്സിയൽ ഫ്ളോ പമ്പ്സെറ്റ് വാങ്ങൽ എന്നിവയ്ക്കായി 1.53 കോടി രൂപയുടെ ഭരണാനുമതിയും നിർമ്മാണ പ്രവൃത്തികൾക്ക് 1.28 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.

വെട്ടയ്ക്കൽ ബി ബ്ലോക്ക് പാടശേഖരത്തിന് സമീപം പറത്താംകുഴി ജംഗ്ഷനിൽ നടന്ന ചടങ്ങിൽ പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.എസ്. ജാസ്മിൻ അധ്യക്ഷത വഹിച്ചു. കാർഷിക എൻജിനീയർ വി. ബാബു പദ്ധതി അവതരിപ്പിച്ചു. ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.എസ്. ശിവപ്രസാദ്, അംഗം വി. സജിമോൻ ഫ്രാൻസിസ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.കെ. ജയപാലൻ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തംഗം ജയ പ്രതാപൻ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എ.ജി. അമ്പിളി, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## കല്ലട ജലോത്സവം സെപ്റ്റംബർ 26ന്

**കൊല്ലം:** ഈ വർഷത്തെ കല്ലട ജലോത്സവം 28 ാം ഓണ നാളായ സെപ്റ്റംബർ 26ന് ഉച്ചയ്ക്ക് 2 മുതൽ നടക്കും. മുതിരപ്പറമ്പ് കാരുത്രക്കടവ് നെട്ടയത്തിൽ നടക്കുന്ന ജലോത്സവത്തിൽ കേരളത്തിലെ പ്രശസ്തമായ 20ൽപ്പരം കളിവള്ളങ്ങൾ പങ്കെടുക്കും. അലങ്കാര വള്ളങ്ങൾക്ക് പുറമേ മൺറോത്തുരുത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കനാൽ വള്ളങ്ങളുടെയും ശിക്കാര ബോട്ടുകളുടെയും പ്രദർശന മത്സരവും സംഘടിപ്പിക്കും.

ജലോത്സവത്തിൽ പങ്കെടുക്കുന്ന മികച്ച ടീമിന് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നാമധേയത്തിലുള്ള ട്രോഫി സമ്മാനിക്കും. പുതുപ്പള്ളിയിലെ ഉമ്മൻചാണ്ടി സ്മൃതി മണ്ഡപത്തിൽ നിന്നും ട്രോഫി ഏറ്റുവാങ്ങി റോഡ് ഷോയോടെ പടിഞ്ഞാറേ കല്ലട, കിഴക്കേ കല്ലട, മൺറോത്തുരുത്ത് പ്രദേശങ്ങൾ ചുറ്റും. തുടർന്നു കല്ലട ജലോത്സവത്തിന്റെ ഫിനിഷിങ് പോയിന്റിൽ വച്ച് ജലോത്സവ സംരക്ഷണ സമിതി പ്രസിഡന്റ് എൻ.ആർ. ജോസ് പ്രകാശും സന്തോഷ് അടൂരാനും ട്രോഫി ഏറ്റുവാങ്ങും.

കല്ലട ജലോത്സവത്തിന്റെ ഗോൾഡൻ ജൂബിലിയാണ് ഇത്തവണ നടക്കുന്നതെന്നും സംരക്ഷണ സമിതി ഭാരവാഹികളായ എൻ.ആർ.ജോസ് പ്രകാശ്, ഉമ്മൻ രാജു, സന്തോഷ് അടൂരാൻ എന്നിവർ അറിയിച്ചു.

# ദേശീയപാത 66 വികസനം: 58.20 കോടി രൂപയുടെ അധിക നിർമാണങ്ങൾക്ക് അനുമതി

കൊല്ലം: ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട് പ്രാദേശികമായി ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിച്ച് 58.20 കോടി രൂപയുടെ അധിക! നിർമാണങ്ങൾക്കു ദേശീയപാത അതോറിറ്റി (എൻഎച്ച്എഐ) അനുമതി നൽകി. കാവനാട് മുതൽ കടമ്പാട്ടുകോണം വരെ ശിവാലയ കൺസ്ട്രക്ഷൻസിന്റെ നിർമാണ പരിധിയിൽ വരുന്ന നിർമാണ പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ അനുമതി നൽകിയിട്ടുള്ളതെന്ന് എൻ.കെ.പ്രേമചന്ദ്രൻ എംപി അറിയിച്ചു. കൊട്ടിയം, ചാത്തന്നൂർ, പാരിപ്പള്ളി എന്നിവിടങ്ങളിൽ നേരത്തെ നിശ്ചയിച്ചതിനേക്കാൾ സ്പാനുകളുടെ എണ്ണം ഒന്നു കൂടി വർധിപ്പിക്കും.

ചാത്തന്നൂർ കെഎസ്ആർടിസി ബസ് സ്റ്റാൻഡിലേക്ക് വാഹനങ്ങൾ വന്നു പോകുന്നതിന് വലിയ അടിപ്പാത നിർമിക്കും. കുരീപ്പുഴ അടിപ്പാത നിർമാണത്തിനും അനുമതി ലഭിച്ചിട്ടുണ്ട്. ... യായി. മങ്ങാട് 2 അടിപ്പാതകളുടെ നിർദ്ദേശങ്ങളും! അംഗീകരിച്ചു. എന്നാൽ അന്തിമ തീരുമാനത്തിനായി! എംപിയുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചു ചേർക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കേന്ദ്ര റോഡ് ഗതാഗത ദേശീയപാത മന്ത്രി നിർദേശം നൽകിയിട്ടുണ്ട്.

ശിവഗിരിയിലേക്ക് പോകുവാൻ മുക്കട ജംക്ഷനിൽ അടിപ്പാത നിർമാണം, അയത്തിൽ പാലം വീതി കൂട്ടി 500 മീറ്റർ സർവീസ് റോഡ് നിർമാണം എന്നിവയാണ് അധികമായി അനുമതി കിട്ടിയ മറ്റു വർക്കുകൾ. നിർമാണം 2025 ഫെബ്രുവരിയിൽ പൂർത്തിയാക്കും.

# ഭിന്നശേഷിക്കാരായ മനുഷ്യർ സമൂഹത്തിൽ കൂടുതൽ പരിഗണന അർഹിക്കുന്നു



**പത്തനംതിട്ട:** ഭിന്നശേഷിക്കാരായ മനുഷ്യർ സമൂഹത്തിൽ കൂടുതൽ പരിഗണന അർഹിക്കുന്നവരാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ പറഞ്ഞു. കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ നടന്ന ജില്ലാതല ബഡ്സ് ഡേ വർണം 2023 ന്റെ ഉദ്ഘാടനം പത്തനംതിട്ട അബാൻ ആർക്കേഡിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതിദത്തമായി ഉണ്ടാവുന്ന സവിശേഷമായ സാഹചര്യം ആണിതെന്നും ഇവരെ പരിചരിക്കേണ്ടത് സമൂഹത്തിന്റെയും, സർക്കാരിന്റെയും രാജ്യത്തിന്റെ തന്നെയും ചുമതല ആണെന്നും അദ്ദേഹം പറഞ്ഞു.

ജില്ലയിൽ ബഡ്സിന്റെ പ്രവർത്തനം കുടുംബശ്രീയുടെ നേതൃത്വത്തിലും, പൊതുവിദ്യാഭാസ വകുപ്പിന്റെയും എസ്എസ്ടിയുടെയും നേതൃത്വത്തിലും, ചില ഇടങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങളുടെ ഇടപെടലോടെയും നടന്ന് വരുന്നു. ഭിന്നശേഷി വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായി സർക്കാർ വിവിധങ്ങളായ പദ്ധതികളും സ്ഥാപനങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർ എന്ന പേര് പോലും സർക്കാർ നൽകിയത് ഇവർ പ്രത്യേക ശേഷികൾ ഉള്ളവരാണ് എന്ന തിരിച്ചറിവ് ഉള്ളതിനാലാണ്. ശാരീരിക, മാനസിക ന്യൂനതകൾ ഉള്ളവരെ പരിഹസിച്ചിരുന്ന ഒരു സമൂഹം ഉണ്ടായിരുന്ന കാലഘട്ടത്തിൽ നിന്ന് ഇന്നത്തെ ജനത ഏറെ മാറിയിരിക്കുന്നു. ഏറെ പരിഗണന അർഹിക്കുന്ന കൂട്ടരാണ് ഇവരെന്ന തിരിച്ചറിവ് സമൂഹത്തിനും സർക്കാരിനും ഇന്നുണ്ട്. ശേഷി പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ലഭ്യമാകുമ്പോൾ ഫലപ്രദമായി ഇവർ വിനിയോഗിക്കുന്നുണ്ടെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

ബഡ്സ് സ്കൂളുകളേയും റീഹാബിലിറ്റേഷൻ സെന്ററുകളേയും കൂടുതൽ ജനകീയമാക്കാനുള്ള ഇടപെടലുകളാണ് ജില്ലയിലൊട്ടാകെ നടക്കുന്നതെന്ന് ചടങ്ങിന് അധ്യക്ഷത വഹിച്ച് പത്തനംതിട്ട നഗരസഭാ ചെയർമാൻ അഡ്വ. ടി സക്കീർ ഹുസൈൻ പറഞ്ഞു. മാതൃകാപരമായ, ചിട്ടയായ പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. സർഗാത്മകവും വ്യത്യസ്തവുമായ കഴിവുകൾ ഉള്ളവരാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ കുട്ടികൾ എന്നതിന് തെളിവാണ് ഇവർ നിർമിക്കുന്ന ഉത്പന്നങ്ങൾ. പാഴ്വസ്തുക്കളായി വലിച്ചെറിയപ്പെടുന്ന വസ്തുക്കൾ കൊണ്ട് പോലും മനോഹരമായ കലാസൃഷ്ടികൾ സൃഷ്ടിക്കുന്ന ഇക്കൂട്ടർ, വേസ്റ്റ് വെൽത്ത് ആണെന്ന സന്ദേശം കൂടി ഈ സംരംഭത്തിലൂടെ സമൂഹത്തിന് നൽകുന്നുണ്ട്. ഈ സന്ദേശം സമൂഹം പിന്തുടരാൻ തയാറായാൽ നിരത്തുകൾ മാലിന്യമുക്തമാവുമെന്നും അദ്ദേഹം പറഞ്ഞു.

ചെറുപ്പമായിരിക്കുമ്പോൾ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ കുട്ടികളുടെ നൈസർഗികമായ കഴിവുകളെയും അവർക്ക് ലഭിക്കാവുന്ന അവസരങ്ങളെയും തടഞ്ഞു വക്കുന്നത് പതിവാണ്. അതിൽ നിന്ന് വ്യത്യസ്തമായി കുട്ടികൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ അവരുടെ സ്വാഭാവികവും ജൈവികവുമായ സവിശേഷതകൾക്ക് ചിറകുകൾ നൽകാനുള്ള പ്രവർത്തനങ്ങളാണ് ബഡ്സ് സ്കൂളുകളിൽ നടക്കുന്നതെന്ന് പ്രഭാഷണത്തിൽ ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ പറഞ്ഞു. കഴിവുകൾ ഇല്ലാതെ ഒരു കുഞ്ഞുങ്ങളും ജനിക്കുന്നില്ല. കുട്ടികളുടെ വ്യത്യസ്തമായ വാസനകൾ തിരിച്ചറിഞ്ഞ്, അവയെ പരിപോഷിപ്പിക്കാൻ ഉള്ള മാർഗങ്ങൾ സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു. ബഡ്സ് സ്കൂളുകളുടെയും റീഹാബിലിറ്റേഷൻ സെന്ററുകളുടെയും പ്രവർത്തനങ്ങളെപ്പറ്റിയും അവിടുത്തെ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പറ്റി പ്രതിപാദിക്കുന്ന, കുടുംബശ്രീ ജില്ലാ മിഷൻ തയാറാക്കിയ ഡോക്യുമെന്ററിയുടെ സ്വിച്ച് ഓൺ കർമവും കളക്ടർ നിർവഹിച്ചു.

റിയാലിറ്റി ഷോകളിലൂടെ പ്രശസ്തയായ ഗായിക ദേവനന്ദ രാജീവ് സംഗീതം ആലപിച്ചു. ഭിന്നശേഷി കുട്ടികളുടെ ഹോം തെറാപ്പി എന്ന വിഷയത്തിൽ കോട്ടയ്ക്കൽ വൈദ്യരത്നം പി. എസ്. വാരിയർ ആയുർവേദ കോളജ് കൺസൽട്ടന്റ് റീഹാബിലിറ്റേഷൻ സ്പെഷ്യലിസ്റ്റ് ഡോ. ആർ.ജെ ധനേഷ് കുമാർ ക്ലാസ് നയിച്ചു. പ്രശസ്ത മജീഷ്യൻ രമ ജീവൻ നയിച്ച മാജിക് ഷോയും കയ്യടി നേടി. ചടങ്ങിൽ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ എസ്. ആദില, നഗരസഭാ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അംബിക വേണു, നഗരസഭാ സിഡിഎസ് ചെയർപേഴ്സൺ പൊന്നമ്മ ശശി, കുടുംബശ്രീ ജില്ലാ മിഷൻ എഡിഎംസിമാരായ ബിന്ദു രേഖ, ഇന്ദു ടി, ജില്ലാ പ്രോഗ്രാം മാനേജർ ബി.എൻ ഷീബ, വിദ്യാർഥികൾ, അധ്യാപകർ, വകുപ്പ് ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# എ.ആർ റഹ്മാനുമായി സഹകരിച്ച് മഹീന്ദ്ര ; ബ്രാൻഡ് ഗാനം പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ എസ്‌യുവി വിഭാഗത്തിലെ മുൻനിരക്കാരായ മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ ഉപസ്ഥാപനമായ മഹീന്ദ്ര ഇലക്ട്രിക് ഓട്ടോമൊബൈൽസ് ലിമിറ്റഡ് (എംഇഎഎൽ) കമ്പനിയുടെ സോണിക് ഐഡന്റിറ്റിക്കും, ബ്രാൻഡ് ഗാനത്തിനുമായി അക്കാദമി അവാർഡ് ജേതാവും സംഗീത സംവിധായകനുമായ എ.ആർ റഹ്മാനുമായി സഹകരിക്കുന്നു. സഹകരണത്തിന്റെ ഭാഗമായി കമ്പനിയുടെ പുതിയ ശ്രേണിയിലുള്ള ബോൺ ഇലക്ട്രിക് വാഹനങ്ങൾക്കായി ലേ ചലാങ് എന്ന ഗാനമാണ് എ.ആർ റഹ്മാൻ ആവിഷ്ക്കരിച്ചത്. ഡ്രൈവ് സൗണ്ട്സ്, എക്സ്പീരിയൻസ് മോഡുകൾ തുടങ്ങി എ.ആർ റഹ്മാൻ സൂക്ഷ്മമായി പ്രത്യേകം തയ്യാറാക്കിയ 75ലധികം ശബ്ദങ്ങൾ ഉൾപ്പെടുന്നതാണ് മഹീന്ദ്രയുടെ പുതിയ സോണിക് ഐഡന്റിറ്റി.ഇന്റീരിയർ ആൻഡ് എക്സ്റ്റീരിയർ ഡ്രൈവ് സൗണ്ട്സ്, എക്സ്പീരിയൻസ് സോൺ മോഡ്സ്, ഇൻഫോടെയ്ൻമെന്റ് സൂചകങ്ങൾ, സീറ്റ് ബെൽറ്റ് അലർട്ടുകൾ, ടേൺ ഇൻഡിക്കേറ്ററുകൾ എന്നിവ പോലുള്ള ഫങ്ഷണൽ സിഗ്നലുകളും ഉൾപ്പെടുന്നതാണ് സോണിക് ഐഡന്റിറ്റി ശബ്ദങ്ങൾ. മഹീന്ദ്രയുടെ ബ്രാൻഡുമായി യോജിപ്പിക്കുന്നതിനും, സംഗീതത്തിലൂടെയും ജീവിതശൈലിയിലൂടെയും ഉപഭോക്താക്കളുമായി ബന്ധപ്പെടുന്നതിനും ഓരോ ശബ്ദവും സൂക്ഷ്മമായാണ് രൂപപ്പെടുത്തിയിരിക്കുന്നത്. കാഞ്ചീപുരത്തെ മഹീന്ദ്രയുടെ ടെസ്റ്റിങ് ഫെസിലിറ്റിയിൽ മുൻനിര ഇലക്ട്രിക് വാഹനങ്ങളുടെ സൗണ്ട്സ്കേപ്പുകൾ വിശകലനം ചെയ്താണ് സോണിക് കോമ്പോസിഷനുകൾ എ.ആർ റഹ്മാൻ വികസിപ്പിച്ചെടുത്തത്. മഹീന്ദ്ര, ഹാർമൻ, ഡോൾബി ലബോറട്ടറീസ് എന്നിവർ ഒരുമിച്ചാണ് മുഴുകിപ്പിക്കുന്ന ഡോൾബി അറ്റ്മോസ് ഓഡിയോ അനുഭവം ബോൺ ഇലക്ട്രിക് വാഹനങ്ങളിലേക്ക് കൊണ്ടുവരുന്നത്. ശാന്തമായ നിശബ്ദത




മുതൽ സംവേദനാത്മക ഇന്ദ്രിയ ശബ്ദ അനുഭവങ്ങൾ വരെയുള്ള സൗണ്ട്സ്കേപ്പുകളുടെ ഒരു ഫാക്ടറി തന്നെ മഹീന്ദ്രയുടെ വരാനിരിക്കുന്ന ഇലക്ട്രിക് എസ്‌യുവികളിൽ അവതരിപ്പിക്കും. സുസ്ഥിരത ഉൾക്കൊള്ളുന്ന, നവീകരണത്തിനും മികവിനുമുള്ള ബ്രാൻഡിന്റെ പ്രതിബദ്ധതയെ പ്രതിധ്വനിപ്പിക്കുന്നതാണ് പുതിയ ബ്രാൻഡ് ഗാനം. എ.ആർ റഹ്മാൻ തങ്ങളുമായി സഹകരിച്ച് ഒരു സോണിക് ഐഡന്റിറ്റിയും ബ്രാൻഡ് ഗാനവും സൃഷ്ടിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോ ആൻഡ് ഫാം സെക്ടറുകളുടെ എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ രാജേഷ് ജെജുരിക്കർ പറഞ്ഞു. സംഗീതത്തിന്റെ ആഗോള ഭാഷയിലൂടെ തങ്ങളുടെ പുതിയ കാലത്തെ ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്നതിൽ ഒരു സുപ്രധാന ചുവടുവെപ്പ് അടയാളപ്പെടുത്തുന്നതാണ് പുതിയ സോണിക് ഐഡന്റിറ്റിയും ബ്രാൻഡ് ഗാനവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കൃഷിയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്ന നിർമ്മാണത്തിന് പ്രാധാന്യം നൽകും



**കൊച്ചി:** കർഷകരുടെ വരുമാനവും കാർഷികോത്പാദനക്ഷമതയും ഉറപ്പുവരുത്തുന്നതിനായി കാർഷിക ഉത്പന്നങ്ങൾ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. കുന്നുകര ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ കുന്നുകര അഹ്ന ഓഡിറ്റോറിയത്തിൽ നടന്ന കർഷക ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.കൃഷി ഉത്പന്നങ്ങൾ അടിസ്ഥാനപ്പെടുത്തി മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിലൂടെയും വിപണി ഉറപ്പാക്കുന്നതിലൂടെയും കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ 'മൂല്യ വർധിത കൃഷി മിഷന് ' സർക്കാർ തുടക്കം കുറിക്കുകയാണ്. കളമശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര കാർഷിക വികസന പദ്ധതി 'കൃഷിക്കൊപ്പം കളമശ്ശേരി 'മികച്ച രീതിയിൽ മുന്നോട്ടു പോകുകയാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.എല്ലാ വകുപ്പുകളുടെയും ഏകോപനത്തോടെ മാത്രമേ കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ സാധിക്കു. കഴിഞ്ഞ സാമ്പത്തിക വർഷം കുന്നുകര, കരുമാലൂർ, ആലങ്ങാട് പഞ്ചായത്തുകളിൽ നീരൊഴുക്കുകൾ ശക്തിപ്പെടുത്തുന്നതിന് പ്രവർത്തനങ്ങൾ നടപ്പിലാക്കി. കൃഷിക്കൊപ്പം കളമശ്ശേരിയുടെ ഭാഗമായി മണ്ഡലത്തിൽ ആകെ 159 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. നാലായിരത്തോളം കർഷകർ ഇതിന്റെ ഭാഗമായിട്ടുണ്ട്. കൃഷിക്കായി ചെറിയ പലിശയിൽ വായ്പയും വിപണിയും ഈ സംഘങ്ങൾ വഴി ഉറപ്പാക്കുന്നു. എല്ലാ സംഘങ്ങൾക്കും മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി രണ്ട് കോടി രൂപയുടെ വായ്പ പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.ഓഗസ്റ്റ് 20 മുതൽ 27 വരെ കൃഷിക്കൊപ്പം കളമശ്ശേരിയുടെ ഭാഗമായ് നടക്കുന്ന കാർഷികമേളയിൽ എല്ലാവരുടെയും പിന്തുണ ഉണ്ടാകണമെന്ന് മന്ത്രി അഭ്യർഥിച്ചു. മണ്ഡലത്തിലെ എൽ.പി സ്കൂളുകളിൽ 1.25 കോടി രൂപ ചെലവഴിച്ചു നടപ്പിലാക്കുന്ന പോഷക സമൃദ്ധം പ്രഭാത ഭക്ഷണ പദ്ധതി മികച്ച രീതിയിൽ മുന്നോട്ടു പോവുകയാണ്. നെൽ കർഷകർക്ക് കിട്ടാനുള്ള തുക കിട്ടുന്നതിനും അടുത്ത വർഷം മുതൽ കൃത്യസമയത്ത് തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ മുതിർന്ന കർഷകനെയും വിവിധ കാർഷിക മേഖലയിൽ മികവ് തെളിയിച്ച കർഷകരെയും ആദരിച്ചു.കർഷക ദിനാഘോഷത്തിന്റെ ഭാഗമായി കുന്നുകര ഗ്രാമപഞ്ചായത്ത് മുതൽ അഹ്ന ഓഡിറ്റോറിയം വരെ നടന്ന വിളംബര ജാഥയിലും മന്ത്രി പങ്കെടുത്തു.

## കിസാൻ ക്രെഡിറ്റ് കാർഡും എംഎസ്എംഇ വായ്പകളുമായി ആക്സിസ് ബാങ്ക്

**കൊച്ചി:** റിസർവ് ബാങ്കിന്റെ ഇന്നൊവേഷൻ ഹബ്ബ് അവതരിപ്പിച്ച പബ്ലിക് ടെക് പ്ളാറ്റ്ഫോം ഫോർ ഫ്രിക്ഷൻലെസ് ക്രെഡിറ്റ് (പിടിപിഎഫ്സി) പ്രയോജനപ്പെടുത്തി ആക്സിസ് ബാങ്ക് കിസാൻ ക്രെഡിറ്റ് കാർഡും എംഎസ്എംഇ വായ്പകളും ലഭ്യമാക്കും. പൂർണമായും ഡിജിറ്റൽ ആയിരിക്കും ഈ പദ്ധതികൾ. പൈലറ്റ് പദ്ധതി എന്ന നിലയിൽ മധ്യപ്രദേശിലാവും കിസാൻ ക്രെഡിറ്റ് കാർഡ് അവതരിപ്പിക്കുക. 1.6 ലക്ഷം രൂപ വരെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. എംഎസ്എംഇ വായ്പകൾ രാജ്യവ്യാപകമായി നടപ്പാക്കും. പത്തു ലക്ഷം രൂപ വരെയാകും ഉപഭോക്താക്കൾക്ക് വായ്പയായി നൽകുക. പദ്ധതിയുടെ ഭാഗമായി ആക്സിസ് ബാങ്ക് പിടിപിഎഫ്സിയുടെ സഹായത്തോടെ ഉപഭോക്താക്കളുടെ ഡാറ്റ അനുവാദത്തോടെ ശേഖരിക്കും. ആധികാരിക സ്രോതസുകളിൽ നിന്നു നേരിട്ടാണ് ഡാറ്റ എന്നതിനാൽ ബാങ്കിന് വേഗത്തിലും മെച്ചപ്പെട്ട രീതിയിലും വായ്പ നൽകാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഓപ്പൺ ബാങ്കിന്റെ ശക്തിയാണ് തങ്ങൾ പ്രയോജനപ്പെടുത്തുന്നതെന്നും ഡിജിറ്റൽ പദ്ധതികൾക്കായി തുടർച്ചയായി നിക്ഷേപം നടത്തുകയാണെന്നും ഇതേക്കുറിച്ചു പ്രതികരിച്ച ആക്സിസ് ബാങ്ക് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ രാജീവ് ആനന്ദ് പറഞ്ഞു.ആർബിഐഎച്ച് പിടിപിഎഫ്സിയുടെ സമാരംഭം ഒരു നാഴികക്കല്ലാണ്, ഇത് ഇതിനകം തന്നെ രാജ്യത്ത് ലഭ്യമായ സമ്പന്നമായ ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ വർദ്ധിപ്പിക്കുന്നുവെന്ന് ആക്സിസ് ബാങ്ക് ഡിജിറ്റൽ ബാങ്കിംഗ് ആൻഡ് ട്രാൻസ്ഫോർമേഷൻ പ്രസിഡന്റും മേധാവിയുമായ സമീർ ഷെട്ടി പറഞ്ഞു.

## കെഎസ്എസ്ഐഎ ജില്ലാഘടകം വാർഷിക പൊതുയോഗം

**കൊച്ചി:** കേരളാ സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ (കെഎസ്എസ്ഐഎ) എറണാകുളം ജില്ലാ ഘടകത്തിന്റെ 62ാമത് വാർഷിക പൊതുയോഗം ചിറ്റിലപ്പള്ളി സ്ക്വയറിൽ നടന്നു. ജില്ലാ പ്രസിഡന്റ് എം എ അലി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. മുതിർന്ന വ്യവസായ പ്രമുഖരെ ചടങ്ങിൽ കളക്ടർ ആദരിച്ചു. അംഗങ്ങളുടെ മക്കളിൽ 10, പ്ലസ് 2 ക്ലാസുകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡുകളും കളക്ടർ സമ്മാനിച്ചു. സെക്രട്ടറി ബിനു വി എം വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് നിസാറുദ്ദീൻ എ മുഖ്യപ്രഭാഷണം നടത്തി. ഡെന്റ്കെയർ സിഎംഡി ജോൺ കുര്യാക്കോസ് മുഖ്യാതിഥിയായി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നജീബ് പി എ, കെഎസ്എസ്ഐഎ സംസ്ഥാന ജനറൽ സെക്രട്ടറി പി ജെ ജോസ്, സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് അബ്രഹാം കുര്യാക്കോസ്, ജോയിന്റ് സെക്രട്ടറി ജയകൃഷ്ണൻ ബി, എറണാകുളം ജില്ലാ എംഎസ്എംഇ കോഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റെ കെ എ ജോസഫ്, സോഷ്യൽ സെക്യൂരിറ്റി ഫ് ട്രഷറർ റാഫേൽ എൻ ജെ, ജില്ലാ വൈസ് പ്രസിഡന്റ് ടോം തോമസ്, ജോയിന്റ് സെക്രട്ടറി അനീസ് എ എൻ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ ട്രഷറൽ രാജേഷ് ജി വാർഷികകണക്കുകളും ബജറ്റും അവതരിപ്പിച്ചു. ജില്ലാ യൂണിറ്റിൽ അംഗങ്ങളായ അഞ്ഞൂറോളം പേർ പങ്കെടുത്തു.

## സ്ക്രീൻഡ് സൈറ്റ്സ്ഫോട്ടോഗ്രഫി സംഘപ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന ഫ്രാൻസിസ് ബേബി, മധു ഇടച്ചന, പ്രകാശ് കരിമ്പ എന്നിവരുടെ 'സ്ക്രീൻഡ് സൈറ്റ്സ്' ഫോട്ടോഗ്രഫി സംഘപ്രദർശനം 2023 ആഗസ്റ്റ് 18ന് അക്കാദമിയുടെ മലപ്പുറം ആർട്ട് ഗ്യാലറിയിൽ ആരംഭിക്കുന്നു. കേരള ലളിതകലാ അക്കാദമിയുടെ 202223ലെ സമകാലിക ഏകാംഗസംഘ പ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം ആഗസ്റ്റ് 18ന് വൈകുന്നേരം 4 മണിക്ക് മലപ്പുറം മുൻസിപ്പൽ ചെയർമാൻ മുജീബ് കടേരി നിർവ്വഹിക്കും. ചിത്രകാരൻ ദയാനന്ദൻ അദ്ധ്യക്ഷത വഹിക്കും. മാധ്യമ പ്രവർത്തകൻ അശോകൻ, എച്ച്.എം.വൈ. ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പാൾ യൂനസ് മുസ്ലിയാരകത്ത് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കും. ചിത്രകാരൻ സണ്ണി മാനന്തവാടി സ്വാഗതവും ഫോട്ടോഗ്രാഫർ മധു ഇടച്ചന നന്ദിയും പറയും. മേഘ വി. ശ്രേയസാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്.ആകർഷകമായ ഫ്രെയിമുകളിൽ തങ്ങളുടെ നാടിന്റെയും ജീവിതങ്ങളുടെയും നേർകാഴ്ചകളാണ്, കലാകാരന്മാരുടെ സൃഷ്ടിക്കാധാരം. കലാകാരന്റെ മാനുഷികമായ സ്വേച്ഛ അനുഭവത്തിലെ യാദൃശ്ചികത എന്നിവ കാഴ്ചയിലെ പ്രകൃതി/മനുഷ്യൻ എന്നിനെ യാന്ത്രികമായ ക്യാമറ ഷട്ടറിന്റെ ടപ് ശബ്ദത്തിൽ മുദ്രണം ചെയ്യുന്നു എന്ന് ക്യൂറേറ്റർ അഭിപ്രായപ്പെടുന്നു. മൂന്നു പതിറ്റാണ്ടായി ഫോട്ടോഗ്രാഫി രംഗത്ത് സജീവമായി നിൽക്കുന്നവരാണ് ഈ മൂന്ന് കലാകാരർ.പ്രദർശനം ആഗസ്റ്റ് 27ന് സമാപിക്കും. പ്രദർശനസമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 6.30 വരെയാണ്.

## ഓണം സ്റ്റോറുമായി ഫാബ് ഇന്ത്യ



**കൊച്ചി:** ഓണത്തിന് കരകൗശല വസ്ത്രങ്ങളുടെയും ഗൃഹാലങ്കാരങ്ങളുടെയും പ്രത്യേക ശേഖരം അവതരിപ്പിച്ച് ഫാബ് ഇന്ത്യ. ഇന്ത്യയിലെ പ്രീമിയം പരമ്പരാഗത വസ്ത്രങ്ങളുടെ ഏറ്റവും വലിയ റീട്ടെയ്ലേഴ്സായ ഫാബ് ഇന്ത്യ ലിമിറ്റഡ് ഒരുക്കിയിരിക്കുന്ന വിപുലമായ ശേഖരത്തിൽ വൈറ്റ്, ഗോൾഡ് നിറങ്ങളിൽ സവിശേഷമായ ജാൽ പാറ്റേണുകളുള്ള കൈത്തറി, ചന്ദേരി സാരികൾ എന്നിവ ഉൾപ്പെടുന്നു. ഫാബ് ഇന്ത്യയുടെ സ്റ്റോറുകളലും ഓൺലൈൻ വെബ്സൈറ്റിലും ഇവ ലഭ്യമായിരിക്കും.സറി പ്രിന്റോട് കൂടിയ സിൽക്ക് ബ്ലെൻ, കോട്ടൺ, ലിനൻ കുർത്തകൾ, ഗോത പട്ടിയും ഫ്ലോറൽ പാറ്റേണുമുള്ള സിൽക്ക് ദുപ്പട്ടകൾ, ജാൽ നെയ്ത്, സീകിന്സ് വസ്ത്രങ്ങൾ എന്നിവ ശേഖരത്തിന്റെ മാറ്റ് കൂട്ടുന്നു. ഫ്ലോറൽ പ്രിന്റഡ് വസ്ത്രങ്ങളോടൊപ്പം, പുരുഷന്മാർക്കായി സിൽക്ക് ഷർട്ടുകൾ, മുുകൾ, കുട്ടികൾക്കായി കുർത്തകൾ പാവാട സെറ്റുകൾ എന്നിവയും ഒരുക്കിയിട്ടു.ഇന്ത്യയുടെ തനതായ കരകൗശല വസ്തുക്കൾ കേരളത്തിലെത്തിച്ച് ഓണത്തിന്റെ മഹത്വം ഉയർത്തിക്കാട്ടുന്ന പ്രത്യേക ശേഖരം ഉപഭോക്താക്കൾക്ക് സമ്മാനിക്കാൻ കഴിഞ്ഞതിൽ സന്തുഷ്ടരാണെന്ന് ഫാബിന്ത്യ ലിമിറ്റഡ് റീട്ടെയിൽ, പ്രസിഡന്റ് അജയ് കപൂർ പറഞ്ഞു.ഫാബ്ഹോമിൽ, പിച്ചള വിളക്കുകൾ, ഉരുളി, ചിരാത് തുടങ്ങിയ കരകൗശല ഗൃഹാലങ്കാര വസ്തുക്കളും ഫ്ലോറൽ പ്രിന്റഡ് ടീ സെറ്റുകൾ, അഗർബത്തി, ഫാബ്എസെൻഷ്യൽ ഗിഫ്റ്റ് ബോക്സുകൾ എന്നിവയും ലഭ്യമാണ്.

## പുതിയ കളക്ഷനുമായി മെൻ ഓഫ് പ്ലാറ്റിനം

**തൃശൂർ:** പുരുഷന്മാരുടെ അന്തസത്തയും കരുത്തും പ്രതിനിധീകരിക്കുന്ന പുതിയ ശേഖരം അവതരിപ്പിച്ച് മെൻ ഓഫ് പ്ലാറ്റിനം. 95% ശുദ്ധമായ പ്ലാറ്റിനത്താൽ നിർമിച്ചിരിക്കുന്നതാണ് പുതിയ ശേഖരമെന്ന് മെൻ ഓഫ് പ്ലാറ്റിനം അധികൃതർ വ്യക്തമാക്കി. തീർത്തും അനുപമവും അർഥപൂർണവുമായ ഒരു രൂപകൽപ്പന ഭാഷയാണ് വിളിച്ചോതുന്നത്. അസാധാരണ പുരുഷന്മാരുടെ മൂല്യങ്ങളും നിലവാരവും പ്രതിഫലിപ്പിക്കുന്നതാണ് ഇതിലെ ഓരോ ഘടകങ്ങളും. ചെയിനുകൾ, പെന്റന്റുകൾ, റിസ്റ്റ് വെയറുകൾ എന്നിവ ഉൾപ്പെടുന്നതാണ് പുതിയ മെൻ ഓഫ് പ്ലാറ്റിനം ശേഖരം. ഒറ്റപ്പെട്ട റോസ് ഗോൾഡ് ഫേസറ്റുകളുടെ ഒരു ശ്രേണിയെ അനായാസമായി ബന്ധിപ്പിക്കുന്ന പ്ലാറ്റിനം ആർച്ച്ഡ് ബ്രിഡ്ജ് ബ്രേസ്ലെറ്റാണ് പുതിയ ശേഖരത്തിൽ പ്രധാനപ്പെട്ട ഒന്ന്. പ്ലാറ്റിനം ഗിൽഡഡ് ആക്സന്റ്സ് റിസ്റ്റ് വെയർ, നീല നിറത്തിലുള്ള പ്ലാറ്റിനം സെറീൻ ബ്ലൂ ക്യൂബ് റിങ്, പ്ലാറ്റിനം റോപ്പ് ചെയിൻ, പ്ലാറ്റിനം ഓവർലേ പാറ്റേൺ ചെയിൻ എന്നിവയാണ് പുതിയ ശേഖരത്തിലെ മറ്റു ഉത്പന്നങ്ങൾ.

## വാട്ടർ മെട്രോയിൽ ഓണാഘോഷങ്ങളുടെ കൊടിയേറ്റം നാളെ

**കൊച്ചി:** അക്വാ കൺസ്യൂമർ എക്സ്പോയ്ക്ക് നാളെ വാട്ടർ മെട്രോ ടെർമിനലിൽ തുടക്കം.ഓണക്കാലത്തെ വരവേൽക്കുന്ന മലയാളികൾക്ക് കൊച്ചി വാട്ടർ മെട്രോയുടെ ഓണസമ്മാനമായാണ് അക്വാ കൺസ്യൂമർ എക്സപോ ഒരുക്കിയിരിക്കുന്നത്. ഓഗസ്റ്റ് 19 മുതൽ സെപ്തംബർ മൂന്ന് വരെ ഹൈക്കോർട്ട് വാട്ടർ മെട്രോ ടെർമിനലിലാണ് എക്സ്പോ. അഗ്രികൾച്ചറൽ പ്രൊമോഷണൽ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് പരിപാടികൾ ഒരുക്കിയിരിക്കുന്നത്. അപൂർവയിനം അലങ്കാര മത്സ്യങ്ങളുടെ കൗതക കാഴ്ചകളാണ് ഈ ഷോയെ വ്യത്യസ്തമാക്കുന്നത്. 50 വ്യത്യസ്തയിനങ്ങളിലെ അലങ്കാര മത്സ്യങ്ങൾ, പൈത്തൺ, അലങ്കാര തവളകൾ, ഇഗ്വാന തുടങ്ങിയ എക്സോട്ടിക് പെറ്റ്സും ഷോയിലുാകും. സ്മൃതി സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ നിർമിച്ച വാണിജ്യ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപനയും ഉൾപ്പെടുന്ന കൺസ്യൂമർ എക്സ്പോയും ഹൈക്കോർട്ട് വാട്ടർ മെട്രോ ടെർമിനലിൽ ഒരുക്കിയിട്ട്. രാവിലെ 10 മണി മുതൽ രാത്രി 9 വരെയാണ് പ്രദർശനം. ഓണാഘോഷങ്ങളുടെ ഭാഗമായി പൂക്കള മത്സരം, പായസ മത്സരം, മാവേലി വേഷ മത്സരം, മലയാളി മങ്ക & മാരൻ മത്സരം എന്നിവയും സംഘടിപ്പിക്കും. മത്സരങ്ങളുടെ രജിസ്ട്രേഷൻ ഉടൻ ആരംഭിക്കുന്നതാണ്.അഞ്ച് വയസ് വരെയുള്ള കുട്ടികൾക്ക് പ്രവേശനം സൗജന്യമായിരിക്കും.

## ജൈവ മാലിന്യത്തിൽ നിന്ന് മത്സ്യതീറ്റ : കുഫോസിനൊപ്പം ഭീമ എൺവയർമെന്റ് ടെക്നോളജി



**കൊച്ചി:** ജൈവ മാലിന്യത്തിൽ മത്സ്യതീറ്റ നിർമ്മിക്കാനുള്ള കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാ യുടെ (കുഫോസ്) പദ്ധതിക്ക് മികച്ച പ്രതികരണം. പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ ജൈവമാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സൊസൈറ്റിയും പങ്ക് ചേർന്നു. തിരുവനന്തപുരം ജില്ലയിലെ അറവുശാലകളിലെ ജൈവമാലിന്യം സംസ്കരിക്കുന്ന ഏജൻസിയായ ഭീമ എൺവയർമെന്റ് ടെക്നോളജിയാണ് ജൈവ മാലിന്യത്തിൽ നിന്ന് മത്സ്യതീറ്റ നിർമ്മിക്കാനുള്ള കുഫോസിന്റെ പരീക്ഷണ പദ്ധതിയിൽ പങ്കാളിയാകാൻ ധാരണപത്രം ഒപ്പുവെച്ചത്.ശ്രോതസ്സിൽ തന്നെ മാലിന്യങ്ങൾ വേ!ർതിരിച്ച് കറുത്ത പടയാളി പുഴുക്കളെ ഉപയോഗിച്ച് ജൈവ മാലിന്യത്തിൽ നിന്ന് മത്സ്യതീറ്റ നിർമ്മാണത്തിന് ആവശ്യമായ മാംസ്യം ഉത്പാദിക്കുന്നതാണ് കുഫോസിന്റെ പദ്ധതി. ആറ്റിങ്ങൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭീമ എൺവയർമെന്റ് ടെക്നോളജിക്ക് പ്രതിദിനം 4 ടൺ കറുത്ത പടയാളി പുഴുക്കളെ ഉത്പാദിക്കാൻ ശേഷിയുണ്ട്. ഭീമ എൺവയർമെന്റ് ടെക്നോളജിയുമായി സഹകരിച്ച് പ്രവർത്തിച്ച് തിരുവനന്തപുരം ജില്ലയിലെ അറുശാല മാലിന്യത്തിൽ നിന്ന് മികച്ച രീതിയിൽ മത്സ്യതീറ്റ നിർമ്മാണത്തിന് ആവശ്യമായ മാംസ്യം ഉത്പാദിക്കാനാവുമെന്ന് കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ കുമാർ പറഞ്ഞു. കുഫോസിന് വേണ്ടി രജിസ്ട്രാ!ർ ഡോ.ദിനേശ് കൈപ്പിള്ളിയും ഭീമ എൺവയർമെന്റ് ടെക്നോളജിക്ക് വേണ്ടി സെക്രട്ടറി രജ്ഞിത് ഭാസിയുമാണ് വൈസ് ചാൻസലർ ! ഡോ.ടി.പ്രദീപ് കുമാറിൻറെ സാന്നിധ്യത്തിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. ഭീമ എൺവയർമെന്റ് ടെക്നോളജിയുടെ ഡയറക്ടർമാരായ രാജേഷ് ദാമോദരൻ , വിനോദ് കുമാർ, എം.പി, ജയപ്രകാശ്, സനേജ് കുമാർ എന്നിവരും മത്സ്യതീറ്റ നിർമ്മാണ പദ്ധതിക്ക് നേതൃത്വം നൽകുന്ന കുഫോസ് അധ്യാപകൻ ഡോ.ചിരഞ്ജീവി പ്രധാൻ, ഗവേഷണ വിഭാഗം മേധാവി ഡോ.ദേവിക പിള്ള, പ്ലാനിങ്ങ് ഡയറക്ടർ ഡോ.എം.എസ്.രാജു എന്നിവരും ധാരണാപത്രം കൈമാറുന്ന ചടങ്ങിൽ പങ്കെടുത്തു.ജൈവ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന അമല ഇക്കോ ക്ളീൻ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് ആലപ്പുഴയിൽ സമാന പദ്ധതി നടപ്പിലാക്കാൻ കുഫോസ് നേരത്തെ ധാരണാപത്രം ഒപ്പിട്ടിരുന്നു.പരീക്ഷണാർത്ഥത്തിൽ നടപ്പിലാക്കുന്ന പദ്ധതി വിജയിച്ചാൽ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്ന് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാ!ർ പറഞ്ഞു. കേരളം നേരിടുന്ന ഏറ്റവും വലിയ സാമൂഹ്യ പ്രശ്നമായ ജൈവ മാലിന്യ സംസ്കരണത്തിന് ഇതോടെ ശാശ്വത പരിഹാരമാകുമെന്നാണ് പ്രതീക്ഷയെന്ന് ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു.

## കരൾ മാറ്റിവെച്ചവരുടെ ഫുട്ബോൾ, വടം വലി മൽസരങ്ങളുമായി കോഴിക്കോട് ആസ്റ്റർ മിംസ്



**കോഴിക്കോട്:** കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ ജീവിതകാലം മുഴുവൻ അവശതയിൽ കഴിയേണ്ടിവരുമെന്ന മിഥ്യാധാരണ പൊളിച്ചെഴുതുന്നതായിരുന്നു കഴിഞ്ഞ ദിവസം കോഴിക്കോട് ആസ്റ്റർ മിംസിൽ നടന്ന 'കരളോണം' പരിപാടി. ശസ്ത്രക്രിയക്ക് വിധേയരായവർ ഒരു വശത്ത് നിന്ന് വടം വലിച്ചപ്പോൾ എതിരാളികളായ കോഴിക്കോട് ആസ്റ്റർ മിംസ് ടീമിന് പിടിച്ചു നിൽക്കാനായില്ല. ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് അടിയറവ് പറയേണ്ടി വന്നു. അതേസമയം എളുപ്പത്തിൽ ജയിക്കുമെന്ന് കരുതി ഫുട്ബോൾ കളിക്കാനിറങ്ങിയ മുതിർന്ന മാധ്യപ്രവർത്തകർ ഉൾപ്പടെയുള്ള ടീമിനും വലിയ പ്രതിരോധ നിരയെയായിരുന്നു നേരിടേണ്ടി വന്നത്. കോഴിക്കോട് പ്രസ് ക്ലബിലെ മാധ്യമ പ്രവർത്തകർ അണിനിരന്ന ടീം ആവേശകരമായ മത്സരത്തിനൊടുവിൽ ഷൂട്ടൗട്ടിൽ കഷ്ടിച്ചായിരുന്നു വിജയിച്ചത്.ലോക അവയവദാന ദിനാചാരണത്തോടനുബന്ധിച്ചായിരുന്നു കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ പൂർത്തിയാക്കിയവരുടെ കൂട്ടായ്മയായ ലിഫോക്കും കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയും ചേർന്ന് കരൾ മാറ്റിവെച്ചവരുടെ ഒത്തുചേരലും ഓണാഘോഷ പരിപാടികളും സംഘടിപ്പിച്ചത്. കോഴിക്കോട് ദേശപോഷിണി കമ്മ്യൂണിറ്റി ഹാളിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് വിധേയായ ഒന്നേകാൽ വയസുകാരി ഇവ മരിയവും നാല് വയസുകാരി ദ്യുതിയും ആസ്റ്റർ മിംസ് ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോക്ടർ എബ്രഹാം മാമ്മനും ചേർന്ന് നിർവഹിച്ചു. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറോളം പേർ പങ്കെടുത്ത പരിപാടിയോടനുബന്ധിച്ച് ലിഫോക്ക് ടീമും കോഴിക്കോട് പ്രസ് ക്ലബ് അംഗങ്ങളും തമ്മിലുള്ള സൗഹൃദ ഫുട്ബോൾ മത്സരവും ആസ്റ്റർ മിംസിലെ ജീവനക്കാരും ലിഫോക്കും തമ്മിലുള്ള വടംവലി മത്സരവും വിവിധ കലാപരിപാടികളും ഓണാഘോഷ പരിപാടികളും സംഘടിപ്പിച്ചത്. കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർക്ക് ഭാരപ്പെട്ട ജോലികൾ ചെയ്യുന്നതിന് തടസമില്ല എന്ന സന്ദേശം കൂടി നൽകുന്നതായിരുന്നു പരിപാടികൾ.കോഴിക്കോട് ആസ്റ്റർ മിംസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലുക്മാൻ പൊന്മാടത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ലിഫോക്ക് സംസ്ഥാന വൈസ് ചെയർമാൻ രാജേഷ് കുമാർ, ജോയിന്റ് സെക്രട്ടറി ദിലീപ് ഖാദി, ലിഫോക്ക് കോഴിക്കോട് ജില്ലാ പ്രസിഡൻറ് സൈതലവി (ബാവ), കോഴിക്കോട് ജില്ലാ ട്രഷറർ അനിൽകുമാർ, ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം തലവൻ ഡോ. അനീഷ് കുമാർ, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി ആൻഡ് ലിവർ ട്രാൻസ്പ്ലാന്റ് വിഭാഗം തലവൻ ഡോ. സജീഷ് സഹദേവൻ, സീനിയർ കൺസൾട്ടന്റുമാരായ ഡോ. എം. നൗഷിഫ്, ഡോ. അഭിഷേക് രാജൻ തുടങ്ങിയവർ പങ്കെടുത്തു.

# സാംസംങ് ക്രിസ്റ്റൽ വിഷൻ 4കെയുഎച്ച്ഡി ടിവി അവതരിപ്പിക്കുന്നു

**കൊച്ചി:** ആഗോളടെലിവിഷൻ ബ്രാൻഡായ സാംസങ്, ക്രിസ്റ്റൽ വിഷൻ 4കെയുഎച്ച്ഡി ടിവി ഇന്ത്യയിൽ അവതരിപ്പിക്കുന്നു. മൾട്ടി വോയ്സ് അസിസ്റ്റന്റ്, വീഡിയോ കോളിംഗ് വിത്ത് സ്ലിംഫിറ്റ് കാം, സോളാർ റിമോട്ട്, ബിൽറ്റ്ഇൻ കാം ഓൺ ബോഡിംഗിനോടു കൂടിയ ഐഒടി ഹബ്, ഓട്ടോ ബ്രൈറ്റ്നസ് അഡ്ജസ്റ്റ്മെന്റിനുള്ള ഐഒടി ലൈറ്റ് സെൻസറുകൾ തുടങ്ങിയ മുൻനിര സ്മാർട്ട് ഫീച്ചറുകളുമായാണ് ക്രിസ്റ്റൽ യുഎച്ച്ഡി ടിവി ലൈനപ്പിലേക്കുള്ള ഈ ഏറ്റവും പുതിയ അതിഥിയെത്തുന്നത്.ഏറ്റവും പുതിയ ഇൻബിൽറ്റ്മൾട്ടി വോയ്സ് അസിസ്റ്റന്റ് ഫീച്ചറുമായായണെത്തുന്നതിനാൽ ഇത് ബിക്സ്ബി അല്ലെങ്കിൽആമസോൺ അലക്സ ഉപയോഗിച്ച് എളുപ്പത്തിൽ കണ്ടന്റുകൾ വീക്ഷിക്കാൻ സാധിക്കുമെന്ന് സാംസങ് ഇന്ത്യ, വിഷ്വൽഡിസ്പ്ലേ ബിസിനസ് സീനിയർ വൈസ് പ്രസിഡന്റ് മോഹൻദീപ് സിംഗ് പറഞ്ഞു.33,990 രൂപയിൽ ആരംഭിക്കുന്ന, പുതിയ ക്രിസ്റ്റൽ വിഷൻ 4കെയുഎച്ച്ഡി ടിവി, 43 ഇഞ്ച്, 55 ഇഞ്ച്,65 ഇഞ്ച് സ്ക്രീൻ സൈസുകളിൽ ഫ് ളിപ്പ്കാർട്ടിലും സാംസങ് ഷോപ്പിലും ലഭ്യമാകും.പുതിയ ലൈനപ്പിൽ, ഉപഭോക്താക്കളെ റിച്ച് ഡാർക്കുകൾ, ബ്രൈറ്റ് ലൈറ്റുകൾ എന്നിവയിലൂടെ മികച്ച കോൺട്രാസ്റ്റ് ആസ്വദിക്കാൻ അനുവദിക്കുന്ന എച്ച്ഡിആർ (ഹൈഡൈനാമിക് റേഞ്ച്) കൂടി ഉണ്ട്. ഇത് കോൺട്രാസ്റ്റ് മെച്ചപ്പെടുത്തിക്കൊണ്ട് ടിവിയിലെ ലൈറ്റ് ലെവലുകളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നു, അതുവഴി ഉപഭോക്താക്കൾക്ക് ഇരുണ്ട രംഗങ്ങളിൽ പോലും ഗംഭീര വർണ്ണവിന്യാസങ്ങളും മുഴുവൻ ദൃശ്യ വിശദാംശങ്ങളും ആസ്വദിക്കാനാകും. 3 സൈഡ് ബെസെൽലെസ് ഡിസൈൻ തികച്ചും ആഴത്തിലുള്ള ഒരു കാഴ്ചാനുഭവം സാധ്യമാക്കുന്നു.പൂർണമായ അർത്ഥത്തിൽ ആഴത്തിലുള്ള കണ്ടന്റ് കാഴ്ചാനുഭവത്തിനായി, രണ്ട് വെർച്വൽ സ്പീക്കറുകളിലൂടെ സൃഷ്ടക്കുന്ന 3ഉ സറൗണ്ട് ശബ്ദത്താൽ ഓൺസ്ക്രീൻചലനം യഥാർത്ഥ സമാനമായി അനുഭവിക്കാൻ ഉപഭോക്താക്കളെ അനുവദിക്കുന്ന ഒടിഎസ് ലൈറ്റ് ക്രിസ്റ്റൽ വിഷൻ 4കെയുഎച്ച്ഡി ടിവികളുടെ സവിശേഷതയാണ്. അഡാപ്റ്റീവ് സൗണ്ട് എല്ലാകണ്ടന്റുകളും കൂടുതൽ ചലനാത്മകമാക്കുകയും ഉദ്ദേശിച്ച ഇഫക്റ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനായി തത്സമയം സീൻ ബൈസീൻ വിശകലനംചെയ്തുകൊണ്ട് ഒപ്റ്റിമൽ ശബ്ദാനുഭവം നൽകുന്നു. തെളിച്ചം സ്വയമേവ ക്രമീകരിക്കുന്നതിന് കാം ഓൺബോർഡിംഗും ഐഒടി പ്രവർത്തനക്ഷമമാക്കിയ ലൈറ്റ് സെൻസറുകളും ഉള്ള ബിൽറ്റ്ഇൻ ഐഒടി ഹബ്ബുമായാണ് പുതിയ ശ്രേണി വരുന്നതെന്നും അദ്ദേഹം പറഞ്ഞു.




# എയറോഫ്ളക്സ് ഐപിഒ ഈ മാസം 22ന്

**കൊച്ചി:** എയറോഫ്ളക്സ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ഓഗസ്റ്റ് 22ന് ആരംഭിക്കും. 102-108 രൂപയാണ് പ്രതിഓഹരി വില. ചുരുങ്ങിയത് 130 ഓഹരികളോ ഇതിന്റെ മടങ്ങുകളോ ആയി വാങ്ങാം. ഓഗസ്റ്റ് 24ന് വിൽപ്പന അവസാനിക്കും. പുതിയ ഓഹരികളുടേയും പ്രൊമോട്ടർമാരുടെ ഓഹരികളുടേയും വിൽപ്പനയിലൂടെ 351 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം. ഇതിൽ 162 കോടി രൂപയുടെ പുതിയ ഓഹരികളും പ്രൊമോട്ടർമാരായ സാറ്റ് ഇൻഡസ്ട്രീസിന്റെ പക്കലുള്ള, 189 കോടി രൂപ മൂല്യമുള്ള 1.75 കോടി ഓഹരികളും ഉൾപ്പെടും. അടുത്ത മാസത്തോടെ കമ്പനി ബിഎസ്ഇയിലും എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഐപിഒയുടെ 50 ശതമാനം ഓഹരികളും യോഗ്യരായ നിക്ഷേപ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. റീട്ടെയിൽ നിക്ഷേപകർക്ക് 35 ശതമാനവും നോൺഇൻസ്റ്റിറ്റിയൂഷനൽ നിക്ഷേപകർക്ക് 15 ശതമാനം ഓഹരികളും നീക്കിവച്ചിരിക്കുന്നു. 1993ൽ സ്ഥാപിതമായ എയറോഫ്ളക്സ് ഇൻഡസ്ട്രീസ് ഏവിയേഷൻ, സ്പെയ്സ്, ഫയർ ഫൈറ്റിങ് വ്യവസായങ്ങൾക്ക് ആവശ്യമായ പ്രകൃതി സൗഹൃദ ഫ്ളെക്സിബിൾ ഫ്ളോ സൊലൂഷൻസ് ഉൽപ്പന്നങ്ങളുടെ മുൻനിര നിർമാതാക്കളാണ്. ഇന്ത്യയിൽ നിർമ്മിക്കുന്ന ഇവ എയറോഫ്ളക്സ് 85 രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു്.

# ടാക്കോബെൽ പുതിയ മൂന്ന് ടാക്കോ അവതരിപ്പിച്ചു




**കൊച്ചി:** ടാക്കോ ബെൽ ഇന്ത്യൻ ദേസി മെനു അവതരിപ്പിച്ചു. മൂന്ന് പുതിയ രുചികരമായ പ്രീമിയം ടാക്കോകൾ ആണ് പുതിയ മെനുവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്രീമി പനീർ മഖ്നി ടാക്കോ, ബട്ടർ ചിക്കൻ ടാക്കോ, ചിക്കൻ സീഖ് കബാബ് ടാക്കോ എന്നിവയാണ് അവ.പുതിയ രുചിയിലുള്ള ഇന്ത്യൻ ദേസി മെനു ഇന്ത്യയിലുടനീളമുള്ള എല്ലാ ടാക്കോ ബെൽ റെസ്റ്റോറന്റുകളിലും വെറും 165 രൂപ മുതൽ ലഭ്യമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇന്ത്യൻ പാചകരീതിയുടെ സമ്പന്ന രുചികളും ടാക്കോ ആശയവും തമ്മിലുള്ള വിടവ് നികത്തുന്ന തരത്തിലുള്ള ഒരു ഓഫർ ആണ് തങ്ങൾ മുന്നോട്ടുവെക്കുന്നതെന്ന് ടാക്കോ ബെല്ലിന്റെ ഇന്ത്യയിലെ എക്സ്ക്ലൂസീവ് ഫ്രാഞ്ചൈസി പങ്കാളിയായ ബർമൻ ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർ ഗൗരവ് ബർമൻ പറഞ്ഞു. സീക്ക് കബാബ് ടാക്കോ 165 രൂപ, പനീർ മക്കാനി ടാക്കോ175 രൂപ, ബട്ടർ ചിക്കൻ ടാക്കോ185 രൂപ എന്നിങ്ങനെയാണ് പുതിയ ടാക്കോകളുടെ വില. അടുത്തുള്ള ടാക്കോ ബെൽ റെസ്റ്റോറന്റ്, ടാക്കോബെൽ ആപ്പ് , മറ്റ് ഫുഡ് ഡെലിവറി സംവിധാനങ്ങൾ വഴിയോ ആകർഷകവും സ്വാദിഷ്ടവും രുചികരവുമായ ടാക്കോ ഓർഡർ ചെയ്യാം.

# കോൻ ബനേഗ ക്രോർപതിയുമായി ഷവോമി ഇന്ത്യ സഹകരിക്കും




**കൊച്ചി:** ഷവോമി ഇന്ത്യ, ഇന്ത്യയിലെ ഏറ്റവും ജനപ്രിയ ടെലിവിഷൻ ഷോകളിലൊന്നായ സോണി ടെലിവിഷൻ സംപ്രേഷണം ചെയ്യുന്ന കോൻ ബനേഗ ക്രോർപതിയുമായി സഹകരിക്കുന്നു. കോൻ ബനേഗ ക്രോർപതിയുടെ ഏറ്റവും പുതിയ സീസണിൽ, 'വീഡിയോ കോൾ എ ഫ്ര്' ലൈഫ്ലൈനിൽ, ഏറ്റവും പുതിയ ഞലറാശ 12 5ഏ ഉൾപ്പെടെയുള്ള ഷവോമിയുടെ 5ഏ ഉപകരണങ്ങളാണ് ഉപയോഗിക്കുക. ഈ ലൈഫ്ലൈൻ മത്സരാർത്ഥികളെ അവരുടെ സുഹൃത്തുക്കളുമായി വീഡിയോ കോളുകളിലൂടെ കണക്റ്റ് ചെയ്യും, അങ്ങനെ ഗെയിമിനിടെ അറിവോടെയുള്ള തീരുമാനമെടുക്കാൻ അവരെ സഹായിക്കും. 5G സാങ്കേതികവിദ്യ ഉപയോഗിച്ച് 'വീഡിയോ കോൾ എ ഫ്ര' ലൈഫ്ലൈനിൽ ഒരു പുതിയ തലം അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് ഷവോമി ഇന്ത്യ ചീഫ് മാർക്കറ്റിംഗ് ഓഫീസർ അനുജ് ശർമ്മ അഭിപ്രായപ്പെട്ടു. കരുത്തുറ്റ പങ്കാളിത്തമാണ് ഒരു ബ്രാൻഡിന്റെ പുരോഗതിക്കും നൈപുണ്യത്തിനും പിന്നിലെ പ്രേരകശക്തി. ഈ പങ്കാളിത്തം സഹകരണത്തിന്റെ ശക്തിക്ക് ഉദാഹരണമാണ്. അത് ഉപഭോക്താക്കളിൽ ആഴത്തിൽ പ്രതിധ്വനിക്കുകയും അതിരുകൾക്കപ്പുറം പോകുന്ന സ്വാധീനം സൃഷ്ടിക്കുകയും ചെയ്യുമെന്ന് ഷവോമി ഇന്ത്യ ഹെഡ്മാർക്കറ്റിംഗ് പാർട്ണർഷിപ്പ് ആൻഡ് അലയൻസ് പ്രതീക് ദാസ് പറഞ്ഞു.റിയാലിറ്റി ടിവി ഷോ വിഭാഗത്തിലെ ഏറ്റവും ജനപ്രിയമായ ഫോർമാറ്റുകളിലൊന്നാണ് കോൻ ബനേഗ ക്രോർപതി. അറിവിന്റെ കരുത്ത് പ്രദർശിപ്പിക്കുകയും രാജ്യത്തെ മാറ്റത്തിന്റെ ആത്മാവിനെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന ഈ സീസണിൽ കളിയെ കൂടുതൽ കൗതുകകരമാക്കുന്ന പുതിയ ഘടകങ്ങൾ അവതരിപ്പിക്കും. ഈ അപ്ഡേറ്റ് ചെയ്തതും അപ്ഗ്രേഡ് ചെയ്തതുമായ പതിപ്പിൽ, മത്സരാർത്ഥികൾക്ക് നിർണ്ണായകമായ 'വീഡിയോ കോൾ എ ഫ്ര്' ലൈഫ്ലൈൻ അനുഭവം മികച്ചതാക്കുന്നതിൽ ഷവോമി സ്മാർട്ട്ഫോണുകളുടെ 5ഏ സാങ്കേതികവിദ്യ നിർണ്ണായകമായ പങ്ക് വഹിക്കുമെന്ന് വൈശാലി ശർമ്മ, ഹെഡ്മാർക്കറ്റിംഗ് & കമ്മ്യൂണിക്കേഷൻസ്, സെറ്റ്, സോണി എസ്എബി, സോണി ഹെഡ് ങഅത മൂവീസ് ക്ലസ്റ്റർ പറഞ്ഞു.ജനപ്രിയ ചലച്ചിത്ര താരം അമിതാഭ് ബച്ചൻ അവതരിപ്പിക്കുന്ന കോൻ ബനേഗ ക്രോർപതി അതിന്റെ ആരംഭം മുതൽ തന്നെ സാംസ്കാരിക പ്രാധാന്യമുള്ള ഒരു പരിപാടിയാണ്. അറിവിന്റെയും വിനോദത്തിന്റെയും മിശ്രണം കൊ് അത് പ്രേക്ഷകരെ ആകർഷിക്കുന്നു.

# സ്പോയിൽ ആപ്പ് ഇൻ ആപ്പ് പുറത്തിറക്കി ഫ്ളിപ്കാർട്ട്




**കൊച്ചി:** യുവജനങ്ങൾക്ക് വേി പ്രത്യേകമായി ആപ്പ്ഇൻആപ്പ് പുറത്തിറക്കി ഫ് ളിപ്കാർട്ട്. പാശ്ചാത്യ വസ്ത്രങ്ങൾ, ആക്സസറികൾ, പാദരക്ഷകൾ തുടങ്ങി 40,000ലധികം ഉൽപ്പന്നങ്ങൾ ഈ പുതിയ ഓൺആപ്പ് ഇന്റർഫേസിലൂടെ ലഭ്യമാക്കും. വ്യത്യസ്ത ശൈലിയിൽ വൈവിധ്യമാർന്ന ഡിസൈനുകളുടെ ശേഖരം ആണ് സ്പോയിൽ ആപ്പിലുള്ളതെന്ന് ഫ് ളിപ്കാർട്ട് ഫാഷൻ വൈസ് പ്രസിഡന്റ് സന്ദീര് കർവ പറഞ്ഞു. ഫ് ളിപ്പ്കാർട്ട് ഫാഷന്റെ ഉപഭോക്തൃ ശൃംഗലയിൽ 25 ശതമാനവും യുവജനങ്ങളാണ്. കൊറിയൻ ഡിസൈനുകൾ, ട്രെൻഡി കോളേജ് വസ്ത്രങ്ങൾ തുടങ്ങിയവ ഏറെ ആകർഷണീയമാണ്. വിൽപ്പനക്കാർക്കായി ഡാഷ്ബോർഡുകൾ ചെയ്യുന്നതിനും ക്യുറേറ്റ് ചെയ്യുന്നതിനും സൗകര്യമൊരുക്കുന്ന ട്രെൻഡ്സ്പോർട്ടിങ് ഇതില്ു്. ഏറ്റവും മികച്ച സ്റ്റൈലിഷ് വസ്ത്രങ്ങൾ ലഭ്യമാക്കാനാണ് ഇതിലൂടെ തങ്ങൾ ശ്രമിക്കുന്നതെന്ന് സന്ദീര് കർവ പറഞ്ഞു. ചിത്രങ്ങളും വീഡിയോകളും ഈ ലിങ്കില് ലഭ്യമാണ് : https://we.tl/tjjJRfxlYmp

# കേരളത്തിൽ സാന്നിധ്യം ഉറപ്പിക്കാൻ മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷൂറൻസ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന ആരോഗ്യ ഇൻഷൂറൻസിനു മാത്രമായുള്ള കമ്പനിയായ മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷൂറൻസ് കേരളത്തിലേയും ഇന്ത്യയിലുടനീളവുമുള്ള സാന്നിധ്യം കൂടുതൽ ശക്തമാക്കുന്നു. ആരോഗ്യ ക്ഷേമത്തിനായുള്ള വൈവിധ്യമാർന്ന സാമ്പത്തിക ആവശ്യങ്ങൾ നേരിടാനും നവീനമായ ആരോഗ്യ ഇൻഷൂറൻസ് സേവനങ്ങൾ പുതിയ വിഭാഗം ഉപഭോക്താക്കളിലേക്ക് എത്തിക്കാനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷൂറൻസ് കേരളം, ആന്ധ്രാപ്രദേശ്, കർണാടക, തെലുങ്കാന, തമിഴ്നാട് എന്നിവ ഉൾപ്പെട്ട ദക്ഷിണേന്ത്യൻ മേഖലയിൽ നിന്ന് മികച്ച വളർച്ചയാണു കൈവരിച്ചിട്ടുള്ളതെന്ന് മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷൂറൻസ് ചീഫ് മാർക്കറ്റിങ് ഓഫിസർ സപ്ന ദേശായി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.2022-23 സാമ്പത്തിക വർഷത്തിൽ ദക്ഷിണ മേഖലയിൽ നിന്ന് 37 ശതമാനം വളർച്ചയോടെ 500 കോടി രൂപയിലേറെ ഗ്രോസ് റിട്ടൺ പ്രീമിയം കമ്പനി നേടി. മണിപാൽ സിഗ്നയ്ക്ക് 20,000ത്തിനടുത്ത് അഡൈ്വസർമാരാണുള്ളത്. അയ്യായിരത്തോളം പോയിൻറ് ഓഫ് സെയിൽസ് കേന്ദ്രങ്ങളും 25 ബ്രാഞ്ച് ഓഫിസുകളും ദക്ഷിണേന്ത്യയിലുണ്ട്. കമ്പനിക്ക് ദക്ഷിണേന്ത്യയിൽ 3300ത്തിൽ ഏറെ ആശുപത്രികളുടെ ശൃംഖലയാണുള്ളത്. രാജ്യത്ത് ആകെ 8700ൽ പരം ആശുപത്രികളുടെ ശൃംഖലയും ഉണ്ട്. ദക്ഷിണ മേഖലയിലെ വികസന പദ്ധതികളുടെ ഭാഗമായി മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷൂറൻസ് 24 സാമ്പത്തിക വർഷത്തിൽ പുതിയ ബ്രാഞ്ച് ഓഫിസുകൾ ആരംഭിക്കാനും കൂടുതൽ ജീവനക്കാരെ നിയമിക്കാനും 10,000ത്തോളം ഏജൻറുമാരെ നിയോഗിക്കുവാനും ഉദ്ദേശിക്കുന്നുണ്ടെന്നും സപ്ന ദേശായി പറഞ്ഞു.ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡ്ച്ചറിന്റെ കാര്യത്തിൽ കേരളം ഏറ്റവും ഉയർന്ന രണ്ടാം സ്ഥാനത്താണെന്നും ദേശീയ ശരാശരിയേക്കാൾ മുകളിലാണെന്നും സപ്ന ദേശായി പറഞ്ഞു.ചികിൽസാ ചെലവിന്റെ 68 ശതമാനത്തോളം റിട്ടയർമെൻറിനായുള്ള സമ്പാദ്യത്തിൽ നിന്നു വക മാറ്റിയോ പേഴ്സണൽ ലോൺ എടുത്തോ സ്വർണമോ മറ്റ് ആസ്തികൾ വിറ്റോ ആണു സ്വരൂപിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്ക് ആരോഗ്യ സേവനത്തിനായുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ കുറക്കാൻ തങ്ങളുടെ ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ വഴി സാധ്യമാകുമെന്നും സപ്ന ദേശായി പറഞ്ഞു.ജീവിതശൈലീ രോഗങ്ങൾ, പകരുന്നതും അല്ലാത്തുമായ രോഗങ്ങൾ തുടങ്ങിയവ അപായകരമായ രീതിയിൽ നിലനിൽക്കുന്നത് ഇവ നേരിടാൻ അടിയന്തര നീക്കങ്ങൾ നടത്തേണ്ടതിനെ കുറിച്ച് ചൂണ്ടിക്കാട്ടുന്നതായി മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷൂറൻസ് ഹെഡ് ഓഫ് പ്രൊഡക്ട്സ് ആഷിഷ് യാദവ് പറഞ്ഞു. ഉപഭോക്താക്കളെ കേന്ദ്രീകരിച്ചുള്ള നിരവധി ആരോഗ്യ ഇൻഷൂറൻസ് സേവനങ്ങളാണ് മണിപാൽ സിഗ്ന നൽകുന്നത്. 50 ലക്ഷം രൂപ മുതൽ മൂന്നു കോടി രൂപ വരെയുള്ള പരിരക്ഷാ തുകകൾ തെരഞ്ഞെടുക്കാനുള്ള അവസരം നൽകുന്ന സമഗ്ര ആരോഗ്യ സേവന ഫിനാൻസിങ്




നൽകുന്ന മണിപാൽ സിഗ്ന ലൈഫ്ടൈം ഹെൽത്ത് പ്ലാൻ ഇത്തരത്തിൽ ഒരു പദ്ധതിയാണ്. രാജ്യത്തിനകത്തും പുറത്തുമുള്ള ആരോഗ്യ സേവന ആവശ്യങ്ങൾക്ക് ഇതു സഹായകമാകും. മാതാപിതാക്കളിൽനിന്ന് അകന്നു കഴിയുന്ന പ്രവാസികൾക്ക് വേണ്ടിയുള്ള സ്പെഷലൈസ്ഡ് മണിപാൽ സിഗ്ന പ്രൈം സീനിയർ പ്ലാൻ വഴി മുതിർന്ന പൗരൻമാർക്കു വേണ്ടിയുള്ള നവീനമായ സംവിധാനങ്ങളാണു നൽകുന്നത്. വൈദ്യ പരിശോധനയില്ലാതെ തന്നെ പദ്ധതിയുടെ 91ാം ദിവസം മുതൽ നിലവിലുള്ള രോഗങ്ങൾക്ക് പരിരക്ഷ നൽകുന്ന പദ്ധതിയാണ് പ്രൈം സീനിയർ പ്ലാൻ.ഇതിനു പുറമെ മണിപാൽ സിഗ്ന പ്രോഹെൽത്ത് പ്ലാൻ ഡയബറ്റീസ്, ഒബിസിറ്റി, ആസ്ത്മ, ഉയർന്ന രക്ത സമ്മർദ്ദം, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയവ കൈകാര്യം ചെയ്യാനുള്ള അവസരവും പ്രദാനം ചെയ്യുന്നു. കാഷ്ലെസ് ഒപിഡി സേവനവും മണിപാൽ സിഗ്ന പ്രോ ഹെൽത്ത് പ്രൈമിൽ അവതരിപ്പിക്കുന്നുണ്ട്. ഡോക്ടർ കൺസൾട്ടേഷൻ, നിർദ്ദിഷ്ട രോഗപരിശോധനകൾ, ഫാർമസി ചെലവുകൾ തുടങ്ങി പലപ്പോഴും പോക്കറ്റിൽ നിന്നു നൽകേണ്ടി വരുന്നവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ നോൺ മെഡിക്കൽ ചെലവുകൾക്കും ഇതിലൂടെ പരിരക്ഷ നൽകുന്നുണ്ട്.മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷൂറൻസിൻറെ ഉൽപന്ന നിര അടക്കമുള്ളവയെ കുറിച്ച് കൂടുതൽ വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റായ www.manipalcigna.com/health-insurance ൽ ലഭ്യമാണ്. സൗത്ത് ഇന്ത്യാ സോണൽ ഹെഡ് ധർവേസ് മുഹമ്മദും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## പ്രോജക്ട് അസോസിയേറ്റ്

**തിരുവനന്തപുരം:** റവന്യൂ വകുപ്പിന്റെ പരിശീലന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ (ഐ.എൽ.ഡി.എം) ഭാഗമായ റിവർ മാനേജ്മെന്റ് സെന്ററിൽ പ്ലാൻ ഫണ്ട് ഇനത്തിൽ റിവർ മാനേജ്മെന്റുമായി ബന്ധപ്പെട്ട ഐഇസി പ്രവർത്തനങ്ങൾക്കും, യങ് പ്രൊഫഷണൽ പ്രോഗ്രാമിന്റെ ഭാഗമായി ഹാൻഡ് ബുക്ക് തയ്യാറാക്കുന്നതിനും എൻവയോൺമെന്റൽ സയൻസിൽ പ്രോജക്ട് അസോസിയേറ്റിനെ നിയമിക്കുന്നു. ഒരു വർഷത്തേക്ക് പ്രതിമാസം 22000 രൂപ ഫെല്ലോഷിപ്പോടെയാണ് അവസരം. എൻവയോൺമെന്റൽ സയൻസിൽ ബിരുദാനന്തര കോഴ്സ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർഥികൾ ഐ.എൽ.ഡി.എം വെബ് സൈറ്റിൽ ലഭ്യമായിട്ടുള്ള ഗൂഗിൾ ഫോം പൂരിപ്പിച്ച് അപേക്ഷ സമർപ്പിക്കണം. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. ഗൂഗിൾ ഫോം ലിങ്ക്: https://forms.gle/59yF7SZhE1myujnEA. ആഗസ്റ്റ് 26 നകം അപേക്ഷിക്കണം. വെബ്സൈറ്റ്: https://ildm.kerala.gov.in/en, ഇമെയിൽ: ildm.revenue@gmail.com, ഫോൺ: 04712365559.

## പ്രോജക്ട് അസിസ്റ്റന്റ്

**തിരുവനന്തപുരം:** വ്യവസായ വാണിജ്യ വകുപ്പിന്റെ ചങ്ങനാശേരി കോമൺഫെസിലിറ്റി സെന്ററിൽ കരാറിൽ പ്രോജക്ട് അസിസ്റ്റന്റിനെ നിയമിക്കുന്നു. വാക് ഇൻ ഇന്റർവ്യൂ 18ന് രാവിലെ 11ന് കോമൺ ഫെസിലിറ്റി സെന്ററിൽ നടക്കും. വിശദാംശങ്ങൾക്ക്: 7907856226.

# 'ടൂ മെൻ ആർമി' ഫസ്റ്റ് ലുക്ക് പോസ്റ്റർ

**കൊച്ചി:** സുദിനം, പടനായകൻ, ബ്രിട്ടീഷ് മാർക്കറ്റ്, ത്രീ മെൻ ആർമി, ബുള്ളറ്റ്, അപരന്മാർ നഗരത്തിൽ തുടങ്ങിയ ചിത്രങ്ങളിലൂടെ ഏറേ ശ്രദ്ധേയനായ നിസ്സാർ സംവിധാനം ചെയ്യുന്ന ഇരുപത്തിയേഴാമത്തെ സിനിമയായ ' ടൂ മെൻ ആർമി 'യുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.എസ്.കെ. കമ്മ്യൂണിക്കേഷന്റെ ബാനറിൽകാസിം കണ്ടോത്ത് നിർമ്മിക്കുന്ന'ടൂ മെൻ ആർമി ' എന്ന ചിത്രത്തിന്റെ തിരക്കഥ സംഭാഷണം പ്രസാദ് ഭാസ്കരൻ എഴുതുന്നു.ആവശ്യത്തിലധികം പണം കെട്ടിപ്പൂട്ടി വെച്ച് ഒറ്റയ്ക്ക് ജീവിക്കുന്ന ഒരാൾ.ആ പണത്തിൽ കണ്ണുവെച്ചെത്തുന്ന മറ്റൊരാൾ .ഈ രണ്ട് കഥാപാത്രങ്ങളുടെ മാനസിക സംഘർഷങ്ങളാണ്'ടൂ മെൻ ആർമി'യിൽ നിസാർ ദൃശ്യവൽക്കരിക്കുന്നത്.ഇന്ദ്രൻസ്, ഷാഹിൻ സിദ്ദിഖ് എന്നിവരാണ് ഈ രണ്ടു കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.കൈലാഷ്,സുബ്രഹ്മണ്യൻ ബോൾഗാട്ടി,തിരുമല രാമചന്ദ്രൻ,അജു.വി.എസ്,സുജൻ കുമാർ,ജയ്സൺ മാർബേസിൽ,സതീഷ് നടേശൻ,സ്നിഗ്ധ,ഡിനി ഡാനിയേൽ,അനു ജോജി,രമ മോഹൻദാസ് തുടങ്ങിയവരാണ് മറ്റു നടീനടന്മാർ.തികച്ചും വ്യത്യസ്തമായ പ്രമേയത്തെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം കനകരാജ് നിർവ്വഹിക്കുന്നു.ആന്റണി പോൾ എഴുതിയ വരികൾക്ക് അജയ് ജോസഫ് സംഗീതം പകരുന്നു. പ്രൊഡക്ഷൻ കൺട്രോളർഷാജി പട്ടിക്കര,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ,ഷിയാസ് മണോലിൽ,എഡിറ്റിംഗ്ടിജോ തങ്കച്ചൻ,കലാസംവിധാനം വത്സൻ, മേക്കപ്പ്റഹിം കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരം സുകേഷ് താനൂർ,സ്റ്റിൽസ്അനിൽ പേരാമ്പ്ര,അസ്സോസിയേറ്റ് ഡയറക്ടർ റസൽ നിയാസ്,സംവിധാന സഹായികൾ കരുൺ ഹരി, പ്രസാദ് കേയത്ത്പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് എൻ.കെ.ദേവരാജ്,പി ആർ ഒഎ എസ് ദിനേശ്.




